സെപ്റ്റംബർ 2022

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




ആരെയും
ആകർഷിക്കുന്ന
3 ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph :2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ജോയ് ആന്റോ

സെന്റ് മേരീസ്
അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 0487 – 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

**പുസ്തകം 28**
**സെപ്റ്റംബർ 2022**
**ലക്കം 8**

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| മതബോധനവാർത്തകൾ | 05 |
| കുടുംബകൂട്ടായ്മവാർത്തകൾ | 08 |
| പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾ | 11 |
| നമ്മെ താങ്ങുന്ന മൂന്നു പില്ലറുകൾ | 20 |
| ഞങ്ങൾ വരവായി | 23 |
| ഞങ്ങൾ ഒന്നായി | 23 |
| ഞങ്ങൾ യാത്രയായി | 24 |
| ഇടവകയിൽനിന്ന് മാറി പോയവർ | 24 |
| ഇടവകയിലേയ്ക്ക് വന്നവർ | 24 |
| മാലാഖമാരോടൊത്ത് | 25 |
| അദ്ധ്യാപകദിനം | 26 |
| ഓർമ്മിക്കുക ആചരിക്കുക | 27 |
| ആധുനിക ലോകത്തിന് ഏറ്റവും.... | 28 |
| ബൈബിൾ ക്വിസ് | 30 |
| ചായക്കൂട്ട് | 32 |

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

**മാനേജിംഗ് എഡിറ്റർ**
ശ്രീ. **കെ.എ.മാത്യു** +91 9388842296

**അഡീഷണൽ മാനേജിംഗ് എഡിറ്റർ**
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

**അസോസിയേറ്റ്ഡ് എഡിറ്റേഴ്സ്**
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കൂള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

**എക്സ് ഒഫിഷ്യോ മെമ്പർമാർ**
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
(നടത്തുകൈക്കാരൻ)

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

**നടത്തുകൈക്കാരൻ**
ശ്രീ. **ജെയിംസ് കളപ്പുരയ്ക്കൽ**
+91 9847551115

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : **വിൽസൺ ആളൂർ കൊക്കൻ – +919745844551**



# എഡിറ്റോറിയൽ

"ഞാൻ നയിക്കുന്ന എന്റെ ജീവിതത്തെ ഞാൻ സ്നേഹിക്കുന്നു. ഞാൻ സന്തോഷവാനാണ്." നിക്കിന്റെ വാക്കുകൾ, ഓർമ്മയില്ലേ? നിക്ക് എന്ന ഓമനപ്പേരുള്ള നിക്കോളാസിനെ- കൈകാലുകളില്ലാതെ വെറും മാംസപിണ്ഡം പോലെ പിറന്നു വീണ കുഞ്ഞിനെ, 1982ൽ, മെൽബോണിൽ ജനിച്ച നിക്ക് കൂട്ടുകാരുടെയും വീട്ടുകാരുടെയും നാട്ടുകാരുടെയും മുമ്പിൽ പരിഹാസ്യനായി ജീവിച്ചു. ജീവിതം തന്നെ ഒടുക്കാൻ തീരുമാനിച്ച ഈ മകനിൽ വിശ്വാസത്തിന്റെ സ്വർഗ്ഗീയ വിത്തുകൾ മുളച്ച് ഫലം പുറപ്പെടുവിക്കാൻ തുടങ്ങിയതോടെ ഒരു ശാരീരിക വൈകല്യവുമില്ലാത്ത വ്യക്തിയേപ്പോലെ എല്ലാ കാര്യങ്ങളും സ്വയം ചെയ്യാൻ കഴിയുമെന്ന് ലോകത്തിന് വെളിപ്പെടുത്തി, തനിയെ വസ്ത്രം ധരിച്ചു, നീന്തി, പാചകം ചെയ്തു, ടി.വി., ഫോൺ, കമ്പ്യൂട്ടർ എന്നിവയെല്ലാം അസാധാരണ വൈഭവത്തോടെ കൈകാര്യം ചെയ്ത് ലോകത്തിന് പ്രചോദനമായി. ഭാര്യയും, കുഞ്ഞുമായി സന്തോഷത്തോടെ അനേകം രാജ്യങ്ങളിൽ പ്രഭാഷണം നടത്തുമ്പോൾ വേദികളിൽ പറയുന്ന വാക്കുകളാണ് മുമ്പ് പറഞ്ഞ "ഞാൻ നയിക്കുന്ന.... ഞാൻ സന്തോഷവാനാണ് ". എന്ന് ജീവിത പ്രതിസന്ധികളിൽ കഴിയുന്നവർക്ക് ധൈര്യം പകർന്ന മാതൃകാപുരുഷൻ. അതേസമയം എനിക്കെന്തു കൊണ്ട് ഇങ്ങനെ എന്ന് സ്രഷ്ടാവിന്റെ മുമ്പിൽ പരാതിപ്പെടുന്നവരേ - തീവ്രമായ വിശ്വാസത്തോടെ അവിടുത്തെ മറുപടിക്കായി കാതോർക്കുവിൻ. അവിടുത്തെ നീതിയും സമയവും നാം കരുതുന്നതുപോലെയല്ലല്ലോ! നമുക്ക് ചുമക്കാവുന്ന ഭാരം മാത്രമേ ദൈവം ഓരോരുത്തർക്കും നൽകുകയുള്ളൂ. വി. ഇഗ്നേഷ്യസ് ലയോള കുറിച്ചിട്ട വരികൾ ഇപ്രകാരമാണ്. ധ്യാനാരൂപിയിൽ തമ്പുരാന്റെ മുമ്പിൽ സമയം ചിലവഴിച്ചതറിയാത്ത ഒരവസരത്തിൽ തിരുക്കുടുംബം പ്രത്യക്ഷപ്പെട്ടു. എന്തുചെയ്യണമെന്നറിയാതെ ഉറക്കെ കരഞ്ഞ വിശുദ്ധന് താൻ കണ്ട സത്യത്തെ ഉൾക്കൊണ്ടപ്പോൾ ആത്മാക്കളെ നേടുവാനുള്ള ദാഹമായി. തന്റെ നിയോഗം മനസ്സിലാക്കാതെ അധികാരികൾ അറസ്റ്റുചെയ്തു ജയിലിലാക്കി. ജയിൽ മോചിതനായി വീണ്ടും വഴിതെറ്റിപ്പോയവരെ നേടിയെടുക്കാനുള്ള പാച്ചിലായി.

സ്വയം രക്ഷ നോക്കാതെ ഫലമോ. കാസ്ട്രോ എന്ന മകൻ കർത്തൂസിയൻ സന്യാസസഭയിൽ ചേർന്നു. രണ്ടാമൻ പെരാൾട്ടോ - ലോകം കണ്ട പ്രഭാഷകനായി. അമാദോർ എന്ന വ്യക്തി ഒരു നല്ല ആത്മീയ മനുഷ്യനായി സർവ്വശക്തന്റെ മുമ്പിൽ ജ്വലിക്കുന്ന വിശ്വാസത്തോടും പ്രത്യാശയോടും കൂടെ കാത്തിരിക്കുക. തള്ളിക്കളയില്ല തീർച്ച.

ഏവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ആശംസകൾ.

**പത്രാധിപസമിതി**

# ഇടയശബ്ദം



## നിലവിളികൾ ഉയരേണ്ടതു തകർച്ചയ്ക്ക് ശേഷമോ?

പ്രകൃതിയുമായി ഇണങ്ങി, ആശ്രയിച്ച് ജീവിക്കുന്ന കടലോര മക്കളുടെ ഗവൺമെന്റിനെതിരായുള്ള നിലവിളിയും പ്രതിഷേധവും കഴിഞ്ഞ കുറച്ചു ദിവസങ്ങളായുള്ള നമ്മുടെ ചാനൽ ചർച്ചാ വിഷയങ്ങളാണ്. കുത്തകകളെ പ്രോത്സാഹിപ്പിക്കാൻ നെട്ടോട്ടമോടുന്ന ഗവൺമെന്റുകൾ നാട്ടിൽ ഉണ്ടായാൽ സാധാരണക്കാർ, മലയോരകൃഷിക്കാർ, കടലിന്റെ മക്കൾ എന്തുചെയ്യും? അവർ പ്രതിരോധിക്കും, മരണംവരെ, വിജയം വരെ സമരം ചെയ്യും. കാരണം അതവരുടെ നിലനിൽപ്പിന് വേണ്ടിയാണ്. നിലനിൽപ്പ് അപകടത്തിലായാൽ പ്രതിരോധിക്കണം. പുതിയ പരിഹാരം കണ്ടെത്തണം. അതാണ് പ്രകൃതി പഠിപ്പിക്കുന്നത്. വ്യക്തി ജീവിതത്തിലും, കുടുംബജീവിതത്തിലും, സമൂഹജീവിതത്തിലും, വിശ്വാസ ജീവിതത്തിലും ഒഴിച്ചുകൂടാനാകാത്ത ഒന്നാണിത്.

Jean-Paul Sartre പഠിപ്പിക്കുന്നതുപോലെ “അപരനെ നരകമായി കാണണമെന്നല്ല മറിച്ച് അപരനും എന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന തിരിച്ചറിവ് വളർത്തിക്കൊണ്ടു വേണം ജീവിക്കാൻ. നമ്മുടെ നിലനിൽപ് അപരന് ഭീഷണിയാകേണ്ടതിലേക്കല്ലാതെ തന്നെ അതിന് പ്രതിവിധിയുണ്ട്. ജലാശയത്തിൽ വളരുന്ന മീനുകളെ കൗതുകത്തോടെ നോക്കുന്നവരല്ലേ നാം. ഒരു ചെറിയ മത്സ്യത്തെ തീറ്റയായി ഇട്ടുകൊടുത്താൽ അവ കലഹിക്കാറില്ല, കിട്ടാത്തവർ അടുത്ത ഊഴത്തിനായി ക്ഷമയോടെ കാത്തിരിക്കും.

പരസ്പരം സഹകരണത്തിന്റെയും കൂട്ടായ്മയുടെയും ഊട്ടു തിരുനാൾ നമ്മെ ഓർമ്മിപ്പിച്ചതും അത് തന്നെയല്ലേ?

കോവിഡാനന്തര ജീവിതം നമ്മെ പഠിപ്പിച്ചത് നമ്മെത്തന്നെ രോഗാണുക്കളിൽ നിന്നും പ്രതിരോധിക്കാനാണ്. മാസ്ക് ധരിക്കുക, കൈകഴുകുക, സാനിറ്റൈസ് ചെയ്യുക, അകലം പാലിക്കുക, ആവശ്യമില്ലാത്തിടത്ത് പോകാതിരിക്കുക, ജന ക്കൂട്ടത്തെ ഒഴിവാക്കുക തുടങ്ങിയ പാഠങ്ങളാണ്. ചീത്ത ചിന്തകൾക്കും കാഴ്ച്ചകൾക്കും കുറുകെ മാസ്ക് ധരിക്കുക, ചീത്തപ്രവൃത്തികൾ ചെയ്യാതെ കൈകൾ ശുദ്ധമായി സൂക്ഷി ക്കുക, കൂദാശകൾ സ്വീകരിച്ച് സാനിറ്റൈസ് ചെയ്യുക, നമ്മെ തെറ്റിൽ ഉൾപ്പെടുത്തും എന്നുള്ളവരിൽ നിന്ന് അകലം പാലിക്കുക. തിന്മയെ മഹത്വവൽക്കരിക്കുന്ന - രാഷ്ട്രീയ-കൈ ക്കൂലി-അഴിമതി-സ്വജനപക്ഷപാതം തത്വചിന്തകളിൽ മുഴുകുന്നവരിൽ നിന്നും ഒഴിഞ്ഞുമാറുക. രോഗബാധയില്ലാ ത്ത നമ്മുടെ കുടുംബാംഗങ്ങളുടെ കൂടെ അധികസമയവും ചിലവഴിക്കുക. ആത്മീയാരോഗ്യം പുഷ്ടിപ്പെടുത്തുന്ന പ്രാർ ത്ഥനകളിലും ബൈബിൾ പാരായണത്തിലും ഏർപ്പെടുക. ഒക്ടോബർ മാസം നമ്മുടെ ഭവനങ്ങളിൽ ഹോം മിഷൻ നടത്തുകയാണ്. തുറവിയോടെ, സ്നേഹത്തോടെ, വിട്ടുവീഴ് ചയോടെ മനസ്സുതുറന്ന് പ്രാർത്ഥിക്കുക, അനുരഞ്ജനപ്പെ ടുക. ആ മാസത്തിൽ തന്നെ കപ്പൂച്ചിൻ മിഷൻ ധ്യാനവും നടത്തപ്പെടുന്നു. പുറത്തേക്ക് പോകാത്ത ഉദരത്തിലെ മാലിന്യം വലിയ രോഗങ്ങൾക്ക് വഴി തെളിക്കും എന്നതു പോലെ ഹൃദയത്തിൽ ക്ഷമിക്കപ്പെടാത്ത ഇനിയും കഴുകിക ളയാത്ത ശത്രുത, വൈരാഗ്യചിന്ത നമ്മെ രോഗികളാക്കും എന്നുമാത്രമല്ല നമ്മെ അപമൃത്യുവിലേക്ക് നയിക്കും. വൃക്ഷ ത്തിന്റെ ഫലം കർഷകന്റെ സാമർത്ഥ്യം വെളിവാക്കുന്നു; ചിന്തയുടെ പ്രകടനം മനുഷ്യന്റെ സ്വഭാവത്തേയും (പ്രഭാ 27:6).

ഒത്തിരി ദൈവാനുഗ്രഹം ആശംസിച്ചുകൊണ്ട്,

**ജെയ്സനച്ചൻ**

# മതബോധനവാർത്തകൾ

സ്നേഹമുള്ള മാതാപിതാക്കളേ വിദ്യാർത്ഥികളേ,
സി.എൽ.സിയുടെ നേതൃത്വത്തിൽ 5-ാം ക്ലാസ് മുതൽ എസിസി വരെയുള്ള വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 15-ാം തിയ്യതി മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ "മരിയൻ പ്രദർശനം 2022" മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളേയും അതിന് പ്രോത്സാഹിപ്പിച്ച അദ്ധ്യാപരേയും മാതാപിതാക്കളേയും അഭിനന്ദിക്കുന്നു. കാറ്റഗറി I വിഭാഗത്തിൽ Std V, Std VII A, Std VI എന്നീ ക്ലാസുകൾ യഥാക്രമം 1, 2, 3 എന്നീ സ്ഥാനങ്ങളും, കാറ്റഗറി II വിഭാഗത്തിൽ Std IX B & X, ACC, IX A എന്നീ ക്ലാസുകൾ യഥാക്രമം 1, 2, 3 എന്നീ സ്ഥാനങ്ങളും കരസ്ഥമാക്കുകയുണ്ടായി. വിജയം കൈവരിച്ച ക്ലാസ്സുകളിലേ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും മാതാപിതാക്കളേയും യൂണിറ്റിന്റെ പ്രത്യേക അഭിനന്ദനങ്ങൾ സ്നേഹപൂർവ്വം അറിയിക്കുന്നു.
ആഗസ്റ്റ് 28-ാം തിയ്യതി ഞായറാഴ്ച നടത്തിയ ബൈബിൾ ക്വിസ് Ist ൽ Std V മുതൽ ACC വരെയുള്ള എല്ലാ വിദ്യാർത്ഥികളും ആവേശപൂർവ്വം പങ്കെടുക്കുകയുണ്ടായി. ദൈവവചന കേന്ദ്രീകൃത വിശ്വാസപരിശീലനവർഷത്തെ രണ്ടാമത്തെ ബൈബിൾ ക്വിസ്, സെപ്തംബർ 25-ാം തിയ്യതി ഞായറാഴ്ച കാലത്ത് മാർക്കോസ് 9-16, കോറിന്തോസ് 9-16 എന്നീ അധ്യായങ്ങൾ ഉൾപ്പെടുത്തി നടത്തുന്നതായിരിക്കും. Std V മുതൽ ACC വരെയുള്ള എല്ലാ വിദ്യാർത്ഥികളും മേൽപ്പറഞ്ഞ ക്വിസ് പരീക്ഷയിലും അന്നു തന്നെ ഉച്ചതിരിഞ്ഞ് നടക്കുന്ന ലോഗോസ് ക്വിസ് പരീക്ഷയിലും പങ്കെടുക്കണമെന്നും മാതാപിതാക്കൾ മക്കളെ ഓണം അവധിക്കാലത്ത് ലോഗോസ് പരീക്ഷയ്ക്ക് വേണ്ട ബൈബിൾ പാഠഭാഗങ്ങൾ നന്നായി പഠിപ്പിക്കുവാൻ ശ്രദ്ധചെലുത്തണമെന്നും താത്പര്യപ്പെടുന്നു. ദൈവവചനം ഗ്രഹിച്ച് കൂടുതൽ വിശുദ്ധിയിൽ ജീവിക്കുവാൻ മക്കളെ സജ്ജരാക്കുവാൻ നമ്മൾക്കെല്ലാവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും പരിശുദ്ധാത്മാവിന്റെ ശക്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.
വിശ്വാസപരിശീലനക്ലാസ്സുകളിലെ അർദ്ധവാർഷിക പരീക്ഷകൾ ഒക്ടോബർ മാസത്തിലാണ് ആരംഭിക്കുന്നത്. Std. 1, 3, 5, 7, 9, 11

എന്നീ ക്ലാസ്സുകളിലെ പരീക്ഷകൾ ഒക്ടോബർ 9-ാം തിയ്യതിയും Std. 2, 4, 6, 8, 10, 12, ACC എന്നീ ക്ലാസ്സുകളിലെ പരീക്ഷകൾ ഒക്ടോബർ 16-ാം തിയ്യതിയും നടത്തപ്പെടുന്നതായിരിക്കും. ആയ തിനാൽ സെപ്തംബറിലും ഒക്ടോബറിലും വരുന്ന സ്കൂൾ അവ ധി ദിവസങ്ങളിൽ വിശ്വാസപരിശീലന ക്ലാസുകളിലെ പാഠഭാഗ ങ്ങൾ നന്നായി പഠിച്ച് അർദ്ധവാർഷിക പരീക്ഷയ്ക്ക് മക്കളെ ഒരു ക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

വിശ്വാസപരിശീലന ക്ലാസുകളുടെ സമയം രാവിലെ 8 മണി മുതൽ 9.30 വരെയാണ് എന്ന വിവരം ഒരിക്കൽക്കൂടി മാതാപിതാക്കളെ ഓർമ്മിപ്പിക്കുന്നു. വൈകിവരുന്ന വിദ്യാർത്ഥികൾക്ക് ഹാജർ നൽ കുന്നതല്ല എന്ന വിവരം മാതാപിതാക്കളെ പ്രത്യേകം അറിയി ക്കുന്നു. അതുപോലെ തന്നെ വിശ്വാസപരിശീലന ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായുള്ള വി. കുർബാന 9.45ന് ആയിരിക്കും. വി. ബലിയിൽ എല്ലാ വിദ്യാർത്ഥികളേയും പങ്കെടുപ്പിക്കുവാൻ മാതാ പിതാക്കൾ നിർബന്ധമായും പരിശ്രമിക്കേണ്ടതാകുന്നു. ദൈവം നൽകിയ മക്കളെ ഈശോയ്ക്ക് ഏറ്റവും ഇഷ്ടമുള്ള മക്കളാക്കി വളർത്തുവാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രഘോഷിച്ചുകൊണ്ട്.

ഡോ. ജോയ് കരേരക്കാട്ടിൽ
പ്രിൻസിപ്പാൾ.

## ഫ്രാൻസിസ്കൻ അൽമായസഭ - റിപ്പോർട്ട്

09-07-2022 ശനിയാഴ്ച ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ റീജി യൻ ഡയറക്ടർ ഫാ. തോമസ് പുത്തൂർ, റീജിയൻ ആനിമേറ്റർ സിസ്റ്റർ ഷാരോൺ തെരേസയും, റീജിയൻ പ്രസിഡന്റ് ഷാജു തോമസ്, യൂണിറ്റ് ഡയറക്ടർ ഫാ. ജെയ്സൺ പുന്നശ്ശേരി എന്നിവരുടെ സാന്നിദ്ധ്യത്തിൽ പള്ളിയിൽ വെച്ച് പുതുതായി വന്ന ജോയ്സി ജോഷിയുടെ അർത്ഥി സ്വീകരണവും, രണ്ടു പേരുടെ സഭാവസ്ത്ര സ്വീകരണവും 3 പേരുടെ വ്രതവാഗ്ദാന ചടങ്ങും നടന്നു. തുടർന്ന് നടന്ന യോഗത്തിൽ മൂന്നുവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡന്റ് - ഷീജ ജാക്ക്, വൈസ് പ്രസിഡന്റ് - സേവ്യർ ജോസ്, സെക്രട്ടറി ഡെയ്സി അന്തപ്പൻ, ട്രഷറർ - റോസിലി വർഗ്ഗീസ്, ഫോർമേറ്റർ വിൽസൻ അറങ്ങാശ്ശേരി, കൗൺസിലർമാർ - പ്രിൻസി ജോസഫ്, മേരി രാജു.

**സെക്രട്ടറി മേരി രാജു**

# പ്രത്യേക അറിയിപ്പ്

സ്നേഹമുള്ള ഇടവകജനമേ,

ഒക്ടോബർ മാസം ആത്മീയ നവീകരണത്തിനായി പ്രത്യേകം മാറ്റിവെയ്ക്കപ്പെട്ടിരിക്കുകയാണല്ലോ.

1. ഒക്ടോബർ ഒന്നുമുതൽ പതിനഞ്ചു വരെ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ ഹോം മിഷൻ നടത്തപ്പെടുന്നു. ഒരുദിവസം 38 കുടുംബങ്ങളിലാണ് ബഹു. സിസ്റ്റേഴ്സ് സന്ദർശിച്ച് കൗൺസിലിങ്ങ് നടത്തുന്നത്. എല്ലാ കുടുംബാംഗങ്ങളും അവരവർക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ നിർബന്ധമായും ഉണ്ടാകുമല്ലോ. വിശദാംശങ്ങൾ നിങ്ങളെ പിന്നീട് അറിയിക്കും.
2. ഒക്ടോബർ 16 മുതൽ 22 വരെ റവ.ഫാ.ചെറിയാൻ മാളിയേക്കലിന്റെ ആഭിമുഖ്യത്തിൽ കപ്പൂച്ചിൻ മിഷൻ ധ്യാനം നടത്തുന്നതാണ്. വൈദികരാണ് ടീമിൽ ഉള്ളത്.
3. ഒക്ടോബർ 24 മുതൽ 27 വരെ ആഘോഷമായ ജപമാല.
4. ഒക്ടോബർ 29 –30 വരെ തൃശൂർ അതിരൂപത സഹായമെത്രാന്റെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ വിസിറ്റ് ഉണ്ടായിരിക്കുന്നതാണ്.

നിങ്ങളുടെ ഏവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

എന്ന്,

വികാരി

**കൈക്കാരന്മാർ** **ഫാ. ജെയ്സൻ പുന്നശ്ശേരി**

NB: ഒക്ടോബർ ആദ്യവാരത്തിലെ പൂജാ അവധി ദിവസങ്ങളിൽ ദൂരെയ്ക്കുള്ള യാത്രകൾ പ്ലാൻ ചെയ്യരുതെന്ന് ഓർമ്മിപ്പിക്കുന്നു. ആ ദിവസങ്ങളിൽ കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേകം പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.



# കുടുംബകൂട്ടായ്മ വാർത്തകൾ

## ക്രിസ്തുരാജ കുടുംബകൂട്ടായ്മ



### 31-ാം വാർഷികം

ക്രിസ്തുരാജ കുടുംബകൂട്ടായ്മയുടെ 31-ാം വാർഷികം 2022 ജൂലായ് മാസം 31-ാം തിയ്യതി കാലത്തെ 6.30 ന്റെ ദിവ്യബലിയിൽ കാഴ്ച സമർപ്പണത്തോടു കൂടി ആഘോഷങ്ങളുടെ തുടക്കം കുറിച്ചു. അന്നേദിവസം കാലത്ത് 11 മണിക്ക് ക്രിസ്തുരാജ കുടുംബകൂട്ടായ്മയുടെ യൂണിറ്റ് പ്രസിഡണ്ട് ജോസ് അറയ്ക്ക പാടൻ സ്വാഗതം ആശംസിച്ചുകൊണ്ട് വാർഷികാഘോഷം ആരംഭിക്കുകയുണ്ടായി. വാർഷികാഘോഷം നമ്മുടെ ആത്മീയ ഗുരുവും ഇടവക സാരഥിയും പ്രിയങ്കര നുമായ ബഹുമാനപ്പെട്ട ജെയ്സൺ പുന്നശ്ശേരി അച്ചൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ യൂണിറ്റിന്റെ പ്രവർ ത്തനം കൂടുതൽ കരുത്ത് ആർജ്ജിക്കുന്നതിനുവേണ്ട വിലപ്പെട്ട മാർഗ്ഗനിർ ദ്ദേശം നല്കുകയുണ്ടായി. യുവാക്കളും യുവതികളും യൂണിറ്റുകളുടെ പ്രവർ ത്തനത്തിൽ സജീവ പങ്കാളിത്തം ഉറപ്പാക്കി യൂണിറ്റുകളിലും പള്ളിയിലെ വിവിധ സംഘടനകളിലും പ്രവർത്തിക്കണമെന്ന സന്ദേശത്തിന്റെ വെളിച്ചത്തിൽ ക്രിസ്തുരാജ യൂണിറ്റിന്റെ ഭാരവാഹി സ്ഥാനങ്ങളിൽ വളരെയധികം ചെറുപ്പ ക്കാർ സ്വയം വന്നിട്ടുള്ളതാണ്. കുടുംബങ്ങളിൽ ഇന്നു കാണുന്ന അസമാധാന ത്തിന്റെയും അരക്ഷിതാവസ്ഥയുടേയും ദൈവസ്നേഹമില്ലായ്മയുടെ കുറവി നെയും കുറിച്ച് കുറിക്കുകൊള്ളുന്ന സന്ദേശമാണ് അച്ചൻ പകർന്ന് തന്നത്. കൂട്ടായ്മുടെ വാർഷികത്തിൽ ഇടവക കുടുംബ കൂട്ടായ്മ കേന്ദ്രസമിതി പ്രസിഡന്റ് അഡ്വക്കെറ്റ് നെറ്റോ നെല്ലിശ്ശേരി അദ്ധ്യക്ഷത വഹിക്കുകയും കുടും ബങ്ങൾ എങ്ങനെ മാതൃകയാകണമെന്നതിനെ പറ്റി വളരെ അർത്ഥവത്തായ പ്രഭാഷണം നടത്തുകയുണ്ടായി. ആശംസകൾ അർപ്പിച്ച് കൂട്ടായ്മയുടെ ആനി മേറ്റർ നിർമ്മല കോൺവെന്റിലെ സിസ്റ്റർ രശ്മി റോസ് യേശുവിന്റെ അളവറ്റ കാരുണ്യത്തിന്റെയും പ്രാർത്ഥനയുടെ ഫലപ്രാപ്തിയെയും ദൈവസ്നേഹ ത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമല്ലാത്ത കുടുംബജീവിത്തിൽ വന്നു

# 2nd Death Anniversary

28.09.2022







## N.M. DAVIS

Thekkanath Nallengara House
Abhilash Corner, Puthurkkara
Ayyanthole

Born : 11.07.1945 Died : 28.09.2020

**St John's Unit**

സ്നേഹസ്മരണയ്ക്ക്

9-ാം ചരമവാർഷികം

19.09.2022



# കൈപറമ്പിൽ ലിബു

സ്നേഹപൂർവ്വം
കുടുംബാംഗങ്ങൾ

# 1–ാം ചരമവാർഷികം

14.08.2022





## ആലപ്പാടൻ പോൾ മകൻ

# റാഫേൽ

**ജനനം : 01.02.1953      മരണം : 14.08.2021**

പ്രാർത്ഥനാപൂർവ്വം

ഭാര്യ : ഫിലോമിന റാഫേൽ

മക്കൾ : എയ്ഞ്ചല, അനീറ്റ

മരുമക്കൾ : ബെന്നി, ആൽബർട്ട്

പേരക്കുട്ടികൾ : ആൽബർട്ട്, അർണോൾഡ്, റൊണാൾഡ്, റിച്ചാർഡ്

സെന്റ് ആന്റണീസ് യൂണിറ്റ്

**സ്നേഹസ്മരണയ്ക്ക്**

| 6-ാം ചരമവാർഷികം | 2-ാം ചരമവാർഷികം |
|---|---|
| 28.01.2022 | 11.09.2022 |







| | |
|---|---|
| പാറേക്കാട്ടിൽ മാപ്രാണത്ത് | പാറേക്കാട്ടിൽ മാപ്രാണത്ത് |
| അന്തപ്പൻ മകൻ | വറുതുണ്ണി ഭാര്യ |
| **വറുതുണ്ണി** | **അമ്മിണി (താണ്ടു)** |
| ജനനം : 08.04.1927 | ജനനം : 19.08.1928 |
| മരണം : 28.01.2016 | മരണം : 11.09.2020 |

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ചെറുമക്കൾ

ചേരുന്ന അരക്ഷിതാവസ്ഥകളെ പറ്റിയും കൂടുതൽ ഊന്നൽ കൊടുത്തുള്ള പ്രബോധനം കൂട്ടായ്മയിൽ പങ്കുവെച്ചു. ആനിമേറ്റർ സിസ്റ്റർ റോഷിനി, നടത്തുകൈക്കാരൻ ജെയിംസ് കളപ്പുരയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയുണ്ടായി. കുടുംബകൂട്ടായ്മ സെക്രട്ടറി മോളി ജോ വെട്ടുകാപ്പിള്ളി കഴിഞ്ഞ 2 കൊല്ലങ്ങളിലെ പ്രവർത്തന റിപ്പോർട്ടും കോവിഡ് കാലഘട്ടത്തിൽ നടത്തിയ കാരുണ്യ പ്രവർത്തികളും വിശദമായി അവതരിപ്പിച്ചു. ട്രഷറർ ജാസ്മിൻ ലിയോ താണിക്കൽ കഴിഞ്ഞ 2 കൊല്ലങ്ങളിലെ കണക്കുകൾ അവതരിപ്പിച്ചു. അയ്യന്തോൾ സഹകരണ ബാങ്കിൽ എഫ്.ഡി. യിലും സേവിംഗ്സിലുമായി 63,000 രൂപയും ട്രഷറർ കൈവശം 2,000 രൂപയും കാഷ് ബാലൻസ് ഉള്ളതായ കണക്ക് അവതരിപ്പിക്കുകയുണ്ടായി. കുരുന്നുകളുടേയും വലിയകുട്ടികളുടേയും ചെറിയ കലാപരിപാടികൾ വാർഷികാഘോഷത്തിന് മാറ്റുകൂട്ടി. അടുത്ത 3 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ യോഗത്തിൽ വെച്ച് തെരഞ്ഞെടുക്കുകയുണ്ടായി. ഊർജ്ജസ്വലരായ പ്രതിഭകളെയാണ് ഈ പ്രാവശ്യം തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിന് ദൈവത്തോട് നന്ദി പ്രകാശിപ്പിക്കുന്നു. വാർഷിക പൊതുയോഗത്തിൽ പങ്കെടുത്ത ബഹുമാനപ്പെട്ട ജെയ്സൺ പുന്നശ്ശേരി അച്ചനും മറ്റു വിശിഷ്ട വ്യക്തികൾക്കും സാന്നിദ്ധ്യം കൊണ്ട് വാർഷികം വിജയപ്രദമാക്കിയ കൂട്ടായ്മ അംഗങ്ങൾക്കും കൂട്ടായ്മ വൈസ് പ്രസിഡന്റ് ജേക്കബ്ബ് ചൊവ്വല്ലൂർ ക്രിസ്തുരാജ കുടുംബകൂട്ടായ്മക്കു വേണ്ടി നന്ദി പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷം പര്യവസാനിച്ചു.

എന്ന്, **മോളി ജോ വെട്ടുകാപ്പിള്ളി (സെക്രട്ടറി)**

# സെന്റ് പീറ്റർ കുടുംബ കൂട്ടായ്മ



## 26–ാം വാർഷികം – റിപ്പോർട്ട്

സെന്റ് പീറ്റർ കുടുംബകൂട്ടായ്മയുടെ 26-ാം വാർഷികം 2022 ജൂൺ 26-ാം തിയ്യതി ഞായറാഴ്ചയിലെ രാവിലെ 6.30നുള്ള വിശുദ്ധ ബലിയർപ്പണത്തിന് മുൻപായി യൂണിറ്റ് കുടുംബാംഗങ്ങൾ ഒത്ത്ചേർന്നുള്ള കാഴ്ചസമർപ്പണത്തോടെ തുടക്കം കുറിച്ചു. പ്രസ്തുത ദിവ്യബലിയർപ്പണത്തിനിടയ്ക്കുള്ള പഴയനിയമ വായനയ്ക്ക് ശ്രീമതി ലോലി ആന്റണിയും, ലേഖന വായനയ്ക്ക് യൂണിറ്റ് സെക്രട്ടറി ശ്രീ. സ്റ്റീഫൻ മാപ്രാണത്തും, കാറോസൂസ വായനയ്ക്ക്

ശ്രീമതി ആർദ്ര ജോമോനും നേതൃത്വം നൽകുകയുണ്ടായി. വൈകീട്ട് 5.30 മണിക്ക് സെന്റ് മേരീസ് ഹാളിൽ വെച്ച് വാർഷിക പൊതുയോഗം, യൂണിറ്റിലെ കൊച്ചുകലാകാരികളുടെ രംഗപൂജയോടുകൂടി ആരംഭിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ബൈജു തരുക്കര വാർഷികാഘോഷത്തിന് എത്തിച്ചേർന്ന എല്ലാ വിശിഷ്ട അതിഥികൾക്കും, യൂണിറ്റ് കുടുംബാംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് യൂണിറ്റ് സെക്രട്ടറി ശ്രീ. സ്റ്റീഫൻ മാപ്രാണത്ത് വാർഷികറിപ്പോർട്ടും, ട്രഷറർ ശ്രീ. ജിജോ മാപ്രാണം വാർഷിക വരവ് ചിലവ് കണക്ക് അവതരിപ്പിക്കുകയും, പ്രസ്തുത യോഗം റിപ്പോർട്ടും, കണക്കും ഐക്യഖണ്ഡേന അംഗീകരിക്കുകയും ഉണ്ടായി.

കുടുംബകൂട്ടായ്മ കേന്ദ്രസമിതി സെക്രട്ടറി ശ്രീമതി മേരി ടീച്ചർ അദ്ധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനകർമ്മം ബഹുമാനപ്പെട്ട നമ്മുടെ വികാരി ഫാ. ജെയ്സൻ പുന്നശ്ശേരി നിർവ്വഹിച്ചു. വികാരിയച്ചൻ തന്റെ ഉദ്ഘാടന പ്രസംഗത്തിലൂടെ നല്ലൊരു സന്ദേശം നൽകുകയുണ്ടായി. വാർഷികാഘോഷത്തിന്റെ അദ്ധ്യക്ഷൻ ശ്രീമതി മേരി ടീച്ചർ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ നമ്മുടെ യൂണിറ്റിന്റെ അന്നത്തെ വി. കുർബാനയിലെ സജീവ പങ്കാളിത്വത്തെക്കുറിച്ച് പ്രത്യേകം എടുത്തുപറയുകയുണ്ടായി. മുഖ്യപ്രഭാഷണം നമ്മുടെ യൂണിറ്റ ആനിമേറ്റർ സി. ഡയാന നിർവ്വഹിച്ചു. തുടർന്ന് അടുത്ത് മൂന്നുവർഷ കാലയളവിലേക്കുള്ള ഭാരവാഹികളെ വികാരിയച്ചന്റെ നിർദ്ദേശമനുസരിച്ച് യൂണിറ്റംഗങ്ങൾ തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് ശേഷം വികാരിയച്ചൻ മുൻ യൂണിറ്റ് ഭാരവാഹികൾക്കേവർക്കും സ്വർണ്ണ മെഡൽ കഴുത്തിൽ അണിയിക്കുകയും, കുടുംബകൂട്ടായ്മകളിൽ മുഴുവൻ ഹാജറും നേടിയ അംഗങ്ങൾക്കും, യൂണിറ്റിലെ നവദമ്പതിമാർക്കും, പുതുപൂക്കൾക്കും, അക്കാഡമിക്കൽ ലെവലിൽ വിജയിച്ചവർക്കും, 2022 വർഷത്തിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കും വിശിഷ്ട അതിഥികൾ സമ്മാനങ്ങൾ നൽകി ആദരിക്കുകയുണ്ടായി. കുടുംബകൂട്ടായ്മ ആനിമേറ്റർ സി. രശ്മി യൂണിറ്റിന് ആശംസകൾ അർപ്പിച്ചു. യൂണിറ്റ് അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളും, മറ്റും വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി. വാർഷികാഘോഷത്തിന്റെ അവതാരക ചുമതല ശ്രീമതി ലോലി ആന്റണി നിർവഹിച്ചു. ഒപ്പം അണിയറയിൽ മറ്റെല്ലാ ഭാരവാഹികളും കുടുംബാംഗങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിച്ചു.

യൂണിറ്റ് ജോയിന്റ് സെക്രട്ടറി ശ്രീമതി ഷീന ജോഷി വാർഷികാഘോഷത്തിന് പങ്കെടുത്ത ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. ചടങ്ങിനുശേഷം ഏവർക്കും സ്നേഹവിരുന്ന് തയ്യാറാക്കിയിരുന്നു. യോഗം കൃത്യം 9.30ന് സമാപിച്ചു.

**എന്ന്, യൂണിറ്റ് സെക്രട്ടറി സ്റ്റീഫൻ മാപ്രാണത്ത്**

# സെന്റ് ജോൺസ് കുടുംബ കൂട്ടായ്മ



## 6 – ാം വാർഷിക റിപ്പോർട്ട് (31 – 07 – 2022)

സെന്റ് ജോൺസ് കുടുംബ കൂട്ടായ്മയുടെ 6-ാം വാർഷികം 2022 ജൂലായ് 31 ഞായറാഴ്ച്ച ആഘോഷിച്ചു. രാവിലെ 6.30 ന് നടന്ന വിശുദ്ധ കുർബാനയിൽ യൂണിറ്റ് അംഗങ്ങൾ കാഴ്ചസമർപ്പണം നടത്തുകയും വളരെ സജീവമായി പങ്കെടുക്കുകയും ചെയ്തു. അന്ന് വൈകീട്ട് 5 മണിക്ക് സെന്റ് ജോസഫ് ഹാളിൽ വെച്ച്  നടന്ന വാർഷിക പൊതുസമ്മേളനം രംഗപൂജയോടെ ആരംഭിച്ചു. കഴിഞ്ഞ കാലയളവിൽ നമ്മെ വിട്ടുപോയ കുടുംബകൂട്ടായ്മയിലെ അംഗങ്ങളെ മുഴുവൻ സദസ്സും എഴുന്നേറ്റു നിന്ന് മൗനമായി അനുസ്മരിച്ചു. കേന്ദ്രസമിതി കൺവീനർ അഡ്വ. നെറ്റോ നെല്ലിശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സന്നിഹിതരായവർക്ക് കുടുംബകൂട്ടായ്മ പ്രസിഡന്റ് ശ്രീ. ജോഷി ജോയ് ചിറ്റിലപ്പിള്ളി സ്വാഗതം പറഞ്ഞു. സെക്രട്ടറി ശ്രീമതി സിജി ഷെറിൻ റിപ്പോർട്ടും ട്രഷറർ ശ്രീ. ലിജോ ജോസഫ് എം. ന്റെ അഭാവത്തിൽ പ്രസിഡന്റ് വാർഷിക കണക്കും അവതരിപ്പിച്ചത് യോഗം പാസ്സാക്കി. ഇടവക വികാരി റവ. ഫാ. ജെയ്സൻ പുന്നശ്ശേരി ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് സംസാരിച്ചു. നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ കാതറിൻ മുഖ്യ പ്രഭാഷണവും അനിമേറ്റർ സിസ്റ്റർ രശ്മിയും, നടത്തു കൈക്കാരൻ ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ ആശംസകളും നേർന്നു.

വിവാഹ വാർഷികം ആഘോഷിക്കുന്നവരേയും വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയവരേയും, കുടുംബകൂട്ടായ്മയിൽ നിന്നും വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നവരെയും എല്ലാ ഭാരവാഹികളേയും, യോഗത്തിൽ കലാപരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും ഉപഹാരങ്ങൾ നൽകി ആദരിച്ചു. തുടർന്ന് അടുത്ത മൂന്ന് വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

യൂണിറ്റ് അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ചടങ്ങുകൾക്ക് മാറ്റുകൂട്ടി. സ്നേഹവിരുന്നിനും വൈസ് പ്രസിഡന്റ് ശ്രീ. ഷിജു ജോർജ്ജ് കൊക്കന്റെ നന്ദി പ്രകടനത്തിനും ശേഷം യോഗം സമാപിച്ചു.

**സിജി ഷെറിൻ, സെക്രട്ടറി**

## 2022– 2025 പുതിയ യൂണിറ്റ് ഭാരവാഹികളുടെ പേരുവിവരങ്ങൾ

### ലിറ്റിൽ ഫ്ളവർ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ഡെൽസൻ കെ. ഡേവിസ് |
| സെക്രട്ടറി | : | സിജോ കൊളങ്ങര |
| ട്രഷറർ | : | ജെയ്ക്കബ് തോലത്ത് |
| വൈസ് പ്രസിഡന്റുമാർ | : | ടോണി തരകൻ<br>മിൽസ ബൈജു |
| ജോ. സെക്രട്ടറിമാർ | : | ബബിത ജോഷി, സെജിൻ സെബി |
| പ്രതിനിധിയോഗ അംഗങ്ങൾ | : | സൈമൺ എ.ജെ. |
| സീനിയർ വനിതാ കൺവീനർ | : | മേഗി സൈമൺ |
| യൂത്ത് വിങ് കൺവീനർ | : | ഗോഡ്വിൻ സൈമൺ |
| കുട്ടിക്കൂട്ടായ്മ കോർഡിനേറ്റർ | : | മേഴ്സി ജിജോ |

### ഹോളി ഫാമിലി യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | അഡ്വ. റസ്സൽ കെ.എഫ്. |
| സെക്രട്ടറി | : | ജെയ്സി വില്ലി |
| ട്രഷറർ | : | ജോൺ മണലേൽ |
| വൈസ് പ്രസിഡന്റുമാർ | : | ജോസ് മേലേത്ത്, ആഗ്നസ് ഡേവിസ് |
| ജോ. സെക്രട്ടറിമാർ | : | ജിൻസ അലക്സ്, ബ്രൈറ്റ് ആന്റണി |
| പ്രതിനിധിയോഗ അംഗങ്ങൾ | : | ബിന്ദു റോബി |
| സീനിയർ വനിതാ കൺവീനർ | : | മെർലി രാജീവ് |
| യൂത്ത് വിങ് കൺവീനർ | : | അന്ന ആന്റോ |
| കുട്ടിക്കൂട്ടായ്മ കോർഡിനേറ്റർ | : | സാവിയോ ഷാന്റി |

### മഡോണ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ സാബു തരകൻ |
| സെക്രട്ടറി | : | ശ്രീ. ജോൺസൻ മാപ്രാണം |
| ട്രഷറർ | : | ശ്രീമതി നിഷ നിക്സൺ |
| വൈസ് പ്രസിഡന്റുമാർ | : | ഡോ. ജോൺ ജെയ്ക്കബ്<br>ശ്രീമതി റോസി ജെയ്ക്കബ് |
| ജോ. സെക്രട്ടറിമാർ | : | ശ്രീ. ഷിനോജ് തറയിൽ,<br>ശ്രീമതി ജെൻസി ജുപ്പിറ്റർ |
| പ്രതിനിധിയോഗ അംഗങ്ങൾ | : | ശ്രീ. സാബു തരകൻ,<br>ശ്രീ. സെബി പുളിക്കൻ |

| | | |
|---|---|---|
| സീനിയർ വനിതാ കൺവീനർ | : | |
| യൂത്ത് വിങ് കൺവീനർ | : | ശ്രീ. ഡിറ്റോ പുളിക്കൻ |
| കുട്ടിക്കൂട്ടായ്മ ഭാരവാഹികൾ | : | മാസ്റ്റർ ജെറോം ജെയ്സൻ |
| | | ദിയ മരിയ ഷിനോജ് |

## ഹോളി ട്രിനിറ്റി യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | സുരേഷ് ജേക്കബ്ബ് |
| സെക്രട്ടറി | : | നവീന ജോൺസൺ |
| ട്രഷറർ | : | ജോൺസൺ പുലിക്കോട്ടിൽ |
| വൈസ് പ്രസിഡന്റുമാർ | : | ജോജോ പാലത്തിങ്കൽ |
| | | ശോഭന ആന്റോ |
| ജോ. സെക്രട്ടറിമാർ | : | ബാബു ദേവസി തരകൻ |
| | | മേരി ലാസർ കോനിക്കര |
| പ്രതിനിധിയോഗ അംഗങ്ങൾ | : | അഡ്വ. ജെനോ ആന്റണി |
| സീനിയർ വനിതാ കൺവീനർ | : | ലാലി വിൻസെന്റ് |
| യൂത്ത് വിങ് കൺവീനർ | : | ടിനോ ലിജോ |
| കുട്ടിക്കൂട്ടായ്മ ഭാരവാഹികൾ | : | രോഹിത്ത് ജെ. പാലത്തിങ്കൽ |
| | | ജാക്വിലിൻ ജോണി |

## സെന്റ് അൽഫോൻസ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജോബി ചിറ്റിലപ്പിള്ളി |
| സെക്രട്ടറി | : | ജോർജ്ജ് കുര്യൻ |
| ട്രഷറർ | : | ജോയ് പൂവത്തിങ്കൽ |
| വൈസ് പ്രസിഡന്റുമാർ | : | ജോയ് കുരേരക്കാട്ടിൽ |
| | | ഗ്ലാഡിസ് റോയ് |
| ജോ. സെക്രട്ടറിമാർ | : | റോഷൻ ജോയ് |
| | | ഷീല ബാബു |
| പ്രതിനിധിയോഗ അംഗങ്ങൾ | : | ബാബു ജോർജ്ജ് |
| സീനിയർ വനിതാ കൺവീനർ | : | ആനിസ് ജോയ് |
| യൂത്ത് വിങ് കൺവീനർ | : | ഫെബിൻ ജോബി |
| കുട്ടിക്കൂട്ടായ്മ ഭാരവാഹികൾ | : | ജോസഫ് ജോർജ്ജ് |

## സെന്റ് ആന്റണീസ് യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജെൽഫൻ വടക്കൻ |
| സെക്രട്ടറി | : | ജോയൽ ജോസ് |
| ട്രഷറർ | : | ജോഷി |
| വൈസ് പ്രസിഡന്റുമാർ | : | ജോർലിൻ ജോഷി, നെപ്പോളിയൻ |
| ജോ. സെക്രട്ടറിമാർ | : | വിജി റാഫേൽ, ലിജി ലിബു |
| പ്രതിനിധിയോഗ അംഗങ്ങൾ | : | നിക്കോളാസ് വടക്കൻ |
| സീനിയർ വനിതാ കൺവീനർ | : | സോണി ഇഗ്നേറ്റോ |
| യൂത്ത് വിങ് കൺവീനർ | : | അലക്സ് ബേബി |
| കുട്ടിക്കൂട്ടായ്മ ഭാരവാഹികൾ | : | അലൻ പോൾസൺ |

## സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്, പുതൂർക്കര

| | | |
|---|---|---|
| പ്രസിഡൻറ് | : | ശ്രീ റോബി കാഞ്ഞിരത്തിങ്കൽ |
| സെക്രട്ടറി | : | ശ്രീ .സണ്ണി ആലപ്പാട്ട് |
| ട്രഷറർ | : | ശ്രീ .നവീൻ വിൽസൺ |
| വൈ. പ്രസിഡന്റുമാർ | : | ശ്രീ. ധീരജ് പടിക്കല<br>ശ്രീമതി. ബിന്നി പോൾ |
| ജോ .സെക്രട്ടറിമാർ | : | ശ്രീ തോമസ് അയ്യന്തോൾ<br>ശ്രീമതി. ലിജി രാജൻ |
| പ്രതിനിധിയോഗം അംഗങ്ങൾ | : | ശ്രീ. റോബി കാഞ്ഞിരത്തിങ്കൽ,<br>ശ്രീമതി. ബിന്നി പോൾ |
| സീനീയർ വനിത കൺവീനർ | : | ശ്രീമതി. ലില്ലി സണ്ണി |
| യൂത്ത് വിംഗ് കൺവീനർ | : | ശ്രീ. ഡെൻസ് ഡേവീസ് |
| കുട്ടി കൂട്ടായ്മ കൺവീനേഴ്സ് | : | ക്രിസ് റോബി<br>ജൂവൽ ഷൈജു |

## സെന്റ് പീറ്റർ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ജിന്റോ കോടങ്കണ്ടത്ത് |
| സെക്രട്ടറി | : | ഷോബിൻ കൊടിവളപ്പിൽ |
| ട്രഷറർ | : | ആർദ്ര ജോമോൻ |

| | | |
|---|---|---|
| വൈ. പ്രസിഡന്റുമാർ | : | പോൾ കാഞ്ഞിരത്തിങ്കൽ |
| | | ബിന്ദു എരിഞ്ഞേരി |
| ജോ .സെക്രട്ടറിമാർ | : | ജൂണോ ജോസ് ഇമ്മട്ടി |
| | | ഷീന ജോഷി വാഴപ്പിള്ളി |
| പ്രതിനിധിയോഗം അംഗങ്ങൾ | : | ജോൺസൻ കാഞ്ഞിരത്തിങ്കൽ |
| സീനീയർ വനിത കൺവീനർ | : | റോസിലി വർഗീസ് താന്നിക്കൽ |
| യൂത്ത് വിംഗ് കൺവീനർ | : | സിന്റോ ജോസ് എരിഞ്ഞേരി |
| കുട്ടി കൂട്ടായ്മ കൺവീനേഴ്സ് | : | ഐശര്യ ബെഞ്ചമിൻ, ജിനിൽ ജോഷി |

## സെന്റ് പോൾ യൂണിറ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | : | ബൈജുകൊക്കൻ |
| സെക്രട്ടറി | : | ആന്റോ ചിറമ്മൽ |
| ട്രഷർ | : | ടോണി ചിറമ്മൽ |
| വൈ. പ്രസിഡന്റുമാർ | : | സാബുരാജ്. കെ.ഐ |
| | | ഷൈനിപോൾ |
| ജോ .സെക്രട്ടറിമാർ | : | ഡിറ്റോ ഡേവിസ് |
| | | ആൻസി സുധീർ |
| പ്രതിനിധിയോഗം അംഗങ്ങൾ | : | ജോർജ് കൈതരാൻ |
| സീനീയർ വനിത കൺവീനർ | : | സുധ ആന്റണി |
| യൂത്ത് വിംഗ് കൺവീനർ | : | |
| കുട്ടി കൂട്ടായ്മ കൺവീനേഴ്സ് | : | ബെഞ്ചമിൻ |
| | | അമീഷ റോസ് |

## സെ.മേരീസ് കുടുംബകൂട്ടായ്മ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സെബാസ്റ്റ്യൻ ഒഴുകയിൽ |
| സെക്രട്ടറി | : | ശ്രീമതി. ബീന വിൻസൻറ് |
| ട്രഷറർ | : | ശ്രീ. ജോഷി തട്ടിൽ |
| വൈ. പ്രസിഡന്റുമാർ | : | ശ്രീമതി. ഡെൽബി ഡേവിസ് |
| | | ശ്രീ. ഡേവിസ് എൻ ആർ |
| ജോ .സെക്രട്ടറിമാർ | : | ശ്രീമതി. ഗില്ലന ബിജു |
| | | ശ്രീ. ലിറ്റോ തോമസ് |

| | | |
|---|---|---|
| പ്രതിനിധിയോഗം അംഗങ്ങൾ | : | ശ്രീ. സെബാസ്റ്റ്യൻ ഒഴുകയിൽ |
| | | ശ്രീ ജസ്റ്റിൻ മുട്ടിക്കൽ |
| സീനിയർ വനിത കൺവീനർ | : | ശ്രീമതി. ഡെയ്സി അന്തപ്പൻ |
| യൂത്ത് വിംഗ് കൺവീനർ | : | ശ്രീമതി. നവ്യാ തേക്കാനത്ത് |
| കുട്ടി കൂട്ടായ്മ കൺവീനേഴ്സ് | : | ക്രിസ്റ്റോ ഡേവിസ് |
| | | സെറാ ബിജു |

**സെന്റ് ജോൺസ് കുടുംബകൂട്ടായ്മ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. പോൾ മഞ്ഞില |
| സെക്രട്ടറി | : | ശ്രീ. ജോയൽ ഫ്രാൻസിസ് |
| ട്രഷറർ | : | ശ്രീമതി. ബിന്ദു സത്യാനിഷ് |
| വൈ. പ്രസിഡന്റുമാർ | : | ശ്രീമതി. നിഷാ ടോണി |
| | | ശ്രീ. ജോബി ചുങ്കത്ത് |
| ജോ .സെക്രട്ടറിമാർ | : | ശ്രീമതി.ഗ്രേസി ഡേവിസ് |
| | | ശ്രീ. ലിജോ ടി. എ. |
| പ്രതിനിധിയോഗം അംഗങ്ങൾ | : | ശ്രീ. ജോഷി ജോയ് ചിറ്റിലപ്പിള്ളി |
| സീനിയർ വനിത കൺവീനർ | : | ശ്രീമതി.ഗീത ബെന്നി |
| യൂത്ത് വിംഗ് കൺവീനർ | : | ശ്രീ. എബിൻ ബാബു |
| കുട്ടി കൂട്ടായ്മ കൺവീനേഴ്സ് | : | ഇമ്മാനുവൽ പി എസ് |
| | | ഐറിൻ ഷിജോ |

**സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ**

| | | |
|---|---|---|
| പ്രസിഡന്റ് | : | സെബാസ്റ്റ്യൻ എലുവത്തിങ്കൽ, |
| സെക്രട്ടറി | : | ശ്രീമതി. ജെയ്ബി ടോണി |
| ട്രഷറർ | : | ടിന്റോ പോൾ |
| വൈ. പ്രസിഡന്റുമാർ | : | ശ്രീമതി. ശോഭന തോമസ് പോൾ, |
| | | വിൽസൺ കെ.ആർ. |
| ജോ .സെക്രട്ടറിമാർ | : | റോഷൻ റോയ് |
| | | ശ്രീമതി.ആഷ്മിൻ ലിൻഡോ |
| പ്രതിനിധിയോഗം അംഗങ്ങൾ | : | ജെയിംസ് കെ.കെ. |
| സീനിയർ വനിത കൺവീനർ | : | ശ്രീമതി. പൗളി പോൾ |

# ഉപകാര സ്മരണ



ഗ്രേയ്സി ജോണി
സെന്റ് തോമസ് യൂണിറ്റ്





# Jithu

*S/o. Mrs. Betty Anto &*
*Mr. Anto Kodenkandath*

*&*

# Aishwarya

*D/o. Mrs. Reetha Paul &*
*Mr. Paul Jose Thattil*

# *Wedding*

22-05-22





With much Love from

*Alent, Jinnu & Michu*

Holy Family Unit

## സിസ്റ്റർ

# മരിയ സെലിൻ കണ്ണനായ്ക്കൽ

## ധന്യ പദവിയിൽ

### ഉർസുലൈൻസ് ഓഫ് മേരി ഇമ്മാക്കുലേറ്റ്



ഭാരത കത്തോലിക്കാ സഭയ്ക്ക് അഭിമാനമേകി കണ്ണനായ്ക്കൽ കാഞ്ഞിരപറമ്പിൽ കുടുംബാംഗവും, ഉർസുലൈൻ സന്യസ്ത സമൂഹത്തിലെ അംഗവുമായ സിസ്റ്റർ മരിയ സെലിനെ ധന്യയായി 2022 ആഗസ്റ്റ് മാസം അഞ്ചാം തിയ്യതി വത്തിക്കാൻ പ്രഖ്യാപിച്ചിരിക്കുന്നു. കൊട്ടേക്കാട് നിന്നും കുണ്ടന്നൂരിൽ താമസമാക്കിയ ഫ്രാൻസിസിന്റെയും ഫിലോമിനയുടെയും മകളായി ജനിച്ച് 1957 ജൂൺ 20 നു വ്രത വാഗ്ദാനം ചെയ്തു. 35 ദിവസത്തിനു ശേഷം ജൂലൈ 25നു ഇരുപത്തിയാറാം വയസ്സിൽ മരണപ്പെട്ടു. 2007 ൽ വിശുദ്ധ പദവി പ്രഖ്യാപനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 2012 ൽ ദൈവദാസി പ്രഖ്യാപനം. കണ്ണനായ്ക്കൽ കാഞ്ഞിര പറമ്പിൽ കുടുംബയോഗ എക്സിക്യൂട്ടീവ് ആയ ശ്രീ കൂരിയൻ സിസ്റ്ററിന്റെ സഹോദരൻ ആണ്.

പ്രാർത്ഥനാശംസകൾ

**കണ്ണനായ്ക്കൽ കാഞ്ഞിരപ്പറമ്പിൽ കുടുംബയോഗം, കൊട്ടേക്കാട്**

**അഡ്വ. ജോസ് ഡേവിസ് & ഫാമിലി, ലിറ്റിൽ ഫ്ളവർ യൂണിറ്റ്**

യൂത്ത് വിംഗ് കൺവീനർ : സൗരവ് വിൽസൺ
കുട്ടി കൂട്ടായ്മ കൺവീനേഴ്സ്: ആരോൺ ഷാജു,

**സെന്റ് സേവിയേഴ്സ് കുടുംബകൂട്ടായ്മ**

പ്രസിഡന്റ് : ശ്രീ. ജോസഫ് രാജു അക്കര
സെക്രട്ടറി : ശ്രീമതി. ഷീബ റാഫയേൽ
വെള്ളേപറമ്പിൽ
ട്രഷറർ : അഡ്വ. സൈമൺ മേലെത്ത്
വൈ. പ്രസിഡന്റുമാർ : ശ്രീമതി. അൽഫോൻസാ ഡേവിസ്
അറക്കപ്പാടൻ
ശ്രീ. ജോബി ജോസഫ്
ജോ .സെക്രട്ടറിമാർ : ശ്രീമതി. സിൽജി സൈമൺ ആലപ്പാട്ട്
ശ്രീ. പ്രിൻസ് വിൻസെന്റ് കരേരക്കാട്ടിൽ
പ്രതിനിധിയോഗം അംഗങ്ങൾ : ശ്രീ. ജോസഫ് മുണ്ടശ്ശേരി
സീനിയർ വനിത കൺവീനർ : ശ്രീമതി. മേരി രാജു അക്കര
യൂത്ത് വിംഗ് കൺവീനർ : ശ്രീ. ക്ലിൻസ് വിൻസെന്റ് കരേരക്കാട്ടിൽ
കുട്ടി കൂട്ടായ്മ കൺവീനേഴ്സ്: കു. സൈന റോയ് ,
കു. ജൂവൽ ജോബി

**സെന്റ് തോമസ് യൂണിറ്റ്**

പ്രസിഡന്റ് : ഡോ. ആന്റോ ഫ്ലോറൻസ്
സെക്രട്ടറി : അഡ്വ.വിജി സന്തോഷ്
ട്രഷറർ : ജീപ്സി റാഫി
വൈസ് പ്രസിഡന്റുന്മാർ : അഡ്വ. നെറ്റോ നെല്ലിശ്ശേരി
ശ്രീമതി ഗ്രെയ്സി ജോണി
ജോ .സെക്രട്ടറിമാർ : ശ്രീ ജോയി ജോർജ്
ശ്രീമതി ജിതാ തമ്പി
പ്രതിനിധിയോഗം അംഗങ്ങൾ : ശ്രീ ആന്റണി ചീരോത
സീനിയർ വനിത കൺവീനർ : ശ്രീമതി ബെറ്റി ബാജു
യൂത്ത് വിംഗ് കൺവീനർ : ജെയിൻ വർഗീസ്
കുട്ടി കൂട്ടായ്മ കൺവീനേഴ്സ്: ആരോൺ തമ്പി
നേഹാ നെറ്റോ

**ക്രിസ്തുരാജ യൂണിറ്റ്**

| | | |
|---|---|---|
| പ്രസിഡന്റ് | : | മേജോ ജോസ്, കുന്നൻ ഹൗസ് |
| സെക്രട്ടറി | : | മെർളി ജിജോ, തെക്കിനിയേടത്ത് ഹൗസ് |
| ട്രഷറർ | : | ജാസ്മിൻ ലിയോ, താണിക്കൽ ഹൗസ് |
| വൈസ് പ്രസിഡന്റുമാർ | : | ബാബു കെ.വി. കോളേങ്ങാടൻ ഹൗസ്<br>മിനി സജേഷ്, പനയ്ക്കൽ ഹൗസ് |
| ജോ .സെക്രട്ടറിമാർ | : | അജേഷ്, ഊക്കൻ ഹൗസ്<br>അഞ്ജലി ജോയ്, കരേരക്കാട്ടിൽ ഹൗസ് |
| പ്രതിനിധിയോഗം അംഗങ്ങൾ | : | ജോസ് അറയ്ക്കപാടൻ |
| സീനിയർ വനിത കൺവീനർ | : | മോളി ജോ, വെട്ടുകാപ്പിള്ളി ഹൗസ് |
| യൂത്ത് വിംഗ് കൺവീനർ | : | ഹെലെന ജോൺസൻ,<br>പാനോക്കാരൻ ഹൗസ് |
| കുട്ടി കൂട്ടായ്മ കൺവീനേഴ്സ് | : | ആൻ മരിയ<br>കെയ്സൺ, ചിറമ്മൽ ഹൗസ് |

# Mariyan Expo - 2022

## Category - 1 (Class 5-8)

1st Prize : 5th Std. (101)
2nd Prize : 7A (103)
3rd Prize : 6th Std. (102)

## Category - 2 (Class 9 - Acc)

1st Prize : 9B and 10 (202) (203)
2nd Prize : ACC (207)
3rd Prize : 9A (201)

# Santa Maria Rosary Making

| | | | | |
|---|---|---|---|---|
| 1st Prize | : | 502 | Silji Simon | St. Xaviers Unit |
| 2nd Prize | : | 503 | Sonet Simon | St. Xavier Unit |
| 3rd Prize | : | 501 | Mary Joseph | St. Joseph Unit |

# ഉരുളൻകിഴങ്ങ്

സമസ്ത മലയാളികളുടെയും വീടുകളിൽ, പാചകം ചെയ്യുന്ന കറികളിൽ ഒഴിച്ച് കൂടാനാകാത്ത ഒന്നാണ് ഉരുളക്കിഴങ്ങ്. ഉരുളക്കിഴങ്ങ് മണ്ണിനടിയിൽ വളരുന്ന ഒരു ഭക്ഷ്യയോഗ്യമായ കിഴങ്ങാണ്. അതിനെ കേരളത്തിന്റെ പല ഭാഗങ്ങളിലും ഉരുളൻ കിഴങ്ങ് എന്നും പറയാറുണ്ട്. രുചിയിലും പോഷകഗുണത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഉരുളകിഴങ്ങു നമ്മൾ കേരളീയർക്ക് ഏറെ പ്രിയപ്പെട്ടതാണ്.

എന്നാൽ, ഇനി അവയെ കടകളിൽ നിന്നും വലിയ വില കൊടുത്തു വാങ്ങേണ്ടതില്ല. നിരവധി അനവധി ഗുണഫലങ്ങളുള്ള ഉരുളകിഴങ്ങിനെ നമ്മുടെ വീട്ടിൽ തന്നെ അനായാസം കൃഷി ചെയ്തെടുക്കാവുന്നതേയുള്ളു.

**വിത്തിനങ്ങൾ** : റോമാനോ, വൈറ്റ് നൈറ്റ്, അമോസോസ,സാന്ത, റെഡ് സ്കാർലെറ്റ്, ഇമ് പല, അനോസ്റ്റയ്, ടിമോ, റിവേറിയ, ഏരിയൽ, ബ്രീസ്, ആൻഡ്രെറ്റ, ഗാല എന്നിവയാണ് പ്രധാനപ്പെട്ട വിത്തിന്നങ്ങൾ.

**നടീൽ രീതി** : ഒക്റ്റോബർ, നവംബർ മാസങ്ങളാണ് ഉരുളക്കിഴങ്ങ് നടാൻ ഏറ്റവും നല്ലത്. കിഴങ്ങ് കൃഷിക്ക് പരമാവധി വെയിൽ കിട്ടുന്നതും, ഇളക്കമുള്ള മണ്ണുള്ളതും, വെള്ളം കെട്ടിനിൽക്കാത്തതുമായ സ്ഥലം തന്നെ തിരഞ്ഞെടുക്കുന്നതാണ് ഉചിതം. കൃഷിക്ക് ആവശ്യമായ വിത്തിന്റെ കാര്യം ഓർത്തു വിഷമിക്കേ തില്ല. കടയിൽ നിന്നു വാങ്ങുന്ന ഉരുളക്കിഴങ്ങിൽ നിന്ന് മുളച്ച ഉരുളക്കിഴങ്ങുകൾ തന്നെ വിത്തിനായി എടുക്കാവുന്നതാണ്. ശേഷം മുളകൾ വന്നഭാഗം നോക്കി നാലാക്കി മുറിച്ചു നടാം. കിളച്ച് വൃത്തിയാക്കിയ, വാരം കോരിയിട്ട മണ്ണിൽ വേണം കഷ്ണങ്ങളാക്കിയ ഉരുളക്കിഴങ്ങ് നടേണ്ടത്. കൂടാതെ, അടിവളമായി ചാണകപ്പൊടി, വേപ്പിൻ പിണ്ണാക്ക് എന്നിവ സമമായി കലർത്തിവേണം മണ്ണൊരുക്കാൻ. എന്നിട്ട് കിഴങ്ങു കഷ്ണങ്ങൾ ഓരോന്നും മുള മുകളിലേക്ക് വരുന്ന രീതിയിൽ നടണം. പൂഴിമണ്ണിലോ ചരൽ കൂടുതൽ ഉള്ള മണ്ണിലോ ആണെങ്കിൽ അധികം വളപ്രയോഗം ഒന്നും ഇല്ലാതെ തന്നെ ഉരുളക്കിഴങ്ങു നന്നായി വളരും. ഗ്രോ ബാഗിലായാലും നേരിട്ട് മണ്ണിലായാലും ഒരേ നടീൽ രീതി തന്നെയാണ് ഉരുളകിഴങ്ങിന്റേത്, എന്നാൽ ഒരു ഗ്രോബാഗിൽ ഒരു കഷ്ണം വച്ചാൽ മതിയാകും.

**പരിചരണം** : വിത്തു നട്ട് 30 ദിവസം കഴിയുമ്പോഴും 70 ദിവസം കഴിയുമ്പോഴും ചുവട്ടിൽ മണ്ണ് കൂട്ടി വളമിടണം. ഉരുളക്കിഴങ്ങിന് വെള്ളം ആവശ്യമാണ് എന്നത് ഓർക്കുക. വേരുകൾ അധികം ആഴത്തിലേക്ക് വളരാത്തതിനാൽ കൂടെക്കൂടെ നിർബന്ധമായും വെള്ളം തളിച്ചു കൊടുക്കണം. രണ്ടാഴ്ച കൂടുമ്പോൾ ചാരം, ചാണകം തുടങ്ങിയ ജൈവവളങ്ങൾ ചേർത്ത് കൊടുക്കണം. നന്നായി വളർന്നു കഴിയുമ്പോൾ രണ്ടിഞ്ച് കനത്തിൽ മേൽമണ്ണ് കയറ്റികൊടുക്കണം.

**ഗുണങ്ങൾ**

രക്തസമ്മർദം നിയന്ത്രിക്കാൻ ദിവസവും ഉരുളക്കിഴങ്ങു കഴിക്കുന്നത് ഫലപ്രദമാണ്. ഇതിലടങ്ങിയിരിക്കുന്ന ഫൈബറും പൊട്ടാസ്യവും ശരീരഭാരം കൂട്ടാതെ

നോക്കുകയും രക്തസമ്മർദം നിയന്ത്രിക്കുകയും ചെയ്യും. എല്ലുകളുടെ ആരോഗ്യത്തിനും വളർച്ചയ്ക്കും ഇതിലടങ്ങിയിരിക്കുന്ന ഫോസ്ഫറസ്, അയൺ, മഗ്നീഷ്യം, കാൽസ്യം, സിങ്ക് എന്നിവ സഹായിക്കും. രക്തത്തിലടിഞ്ഞു കൂടുന്ന കൊഴുപ്പു നീക്കം ചെയ്ത് കൊളസ്ട്രോൾ കുറയ്ക്കാനും ഉരുളകിഴങ്ങിന് സാധിക്കും. ഹൃദ്രോഗങ്ങളെ ചെറുക്കാനും ഉരുളക്കിഴങ്ങിനു കഴിയും. ഇതിലടങ്ങിയിരിക്കുന്ന നാരുകളും, വൈറ്റമിൻ സി, ബി-6, പൊട്ടാസ്യം എന്നിവ ഹൃദ്രോഗങ്ങളിൽ നിന്നു സംരക്ഷണം നൽകും. വൃക്കകളുടെ പ്രവർത്തനങ്ങളെ സുഗമമാക്കാനും തലച്ചോറിലേക്കു സന്ദേശമെത്തിക്കുന്ന രാസവസ്തുവായ ന്യൂറോട്രാൻസ്മിറ്റേഴ്സിന്റെ ഉൽപാദനത്തെ പോഷിപ്പിക്കാനും ഉരുളകിഴങ്ങിൽ അടങ്ങിയിരിക്കുന്ന വൈറ്റമിൻ ബി-6നു കഴിയും.

**രോഗങ്ങളും കീടങ്ങളും**

പുഴുക്കളാണ് ഉരുളകിഴങ്ങു കൃഷിയുടെ പ്രധാന ശത്രു. അതുകൊണ്ട് ഇലകളിൽ പുഴുക്കൾ ആക്രമിക്കാൻ സാധ്യതയുള്ളതിനാൽ വേപ്പെണ്ണ മിശ്രിതം നിർബന്ധമായും തളിക്കണം. കൂടാതെ വേപ്പിൻ പിണ്ണാക്ക് ചേർക്കുന്നത് ഒട്ടുമിക്ക കീടങ്ങളെയും അകറ്റാൻ സഹായിക്കും.

**വിളവെടുപ്പ്**

ഇലകൾ വാടിത്തുടങ്ങുന്നതാണ് ഉരുളക്കിഴങ്ങ് പാകമാകുന്നതിന്റെ ലക്ഷണം. കൃഷി ചെയ്ത ഉരുളകിഴങ്ങിന്റെ ഇനം അനുസരിച്ചു 80 മുതൽ 120 ദിവസങ്ങൾ കഴിയുമ്പോൾ നമുക്ക് ഉരുളക്കിഴങ്ങു വിളവെടുക്കാവുന്നതാണ്.

**കടപ്പാട് : ഓൺലൈൻ (ഹോംലി ഫാംസ്)**

# കുരിശിന്റെ പുകഴ്ച

**ഡെയ്സി അന്തപ്പൻ, സെന്റ് മേരീസ് യൂണിറ്റ്**

കുരിശ് രക്ഷയുടെ മാർഗ്ഗമാണ്. കുരിശിലൂടെ അവിടുന്ന് നേടി തന്ന താണ് രക്ഷ. വ്യക്തിപരമായി അനുഭവിക്കാനുള്ള മാർഗ്ഗമാണ് കുരിശ്. യേശു പറയുന്നു, എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്റെ കുരിശ് എടുത്ത് അനുഗമിക്കണമെന്ന്. നമ്മുടെ കുരിശുകൾ പലതരത്തി ലുള്ളതാണ്. അവ മാനസികമാകാം, ശാരീരികമാകാം, ആത്മീയമാകാം. രോഗങ്ങളാകാം, ദാരിദ്ര്യമാകാം, സംഘർഷങ്ങളാകാം - എന്തുമാകട്ടെ അവ യെല്ലാം കുരിശായി കാണാതിരുന്നാൽ നമുക്ക് തന്നെ നല്ലത് എന്ന് നാം തിരി ച്ചറിഞ്ഞാൽ രക്ഷയുടെ കവാടത്തിലേക്ക് കയറുകയായി. സെപ്തംബർ 14-ന് കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ അനുസ്മരിക്കുമ്പോൾ ആ കുരിശി ലൂടെ അവിടുന്ന് നമുക്ക് ദാനമായി നൽകിയ രക്ഷ കൈവരിക്കാൻ പ്രാർ ത്ഥിക്കാം. വി. കുരിശിന്റെ സംരക്ഷണം എപ്പോഴും നമ്മെ വലയം ചെയ്യട്ടെ.

# നമ്മെ താങ്ങുന്ന മൂന്നു പില്ലറുകൾ




**ത്രേസ്യാമ്മ ജേക്കബ്ബ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്**

വി. ഗ്രന്ഥം എല്ലാ ക്രിസ്തീയ ഭവനങ്ങളിലും ഇല്ലാതിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ഞായറാഴ്ച കുർബാനയ്ക്കിടയിലെ വികാരിയച്ചന്റെ പ്രസംഗ മായിരുന്നു. വചനം അറിയാനുള്ള ഏക മാർഗ്ഗം ഏറെ താല്പര്യത്തോടെയായി രുന്നു അന്നു ദൈവജനം പ. കുർബാനയിൽ പങ്കെടുത്തിരുന്നത്.

വചനത്തെ സംബന്ധിച്ച് അജ്ഞതയുടെ ഒരു കാലം ആയിരുന്നെങ്കിലും വിശ്വാസികളായിരുന്നു നമ്മുടെ പൂർവ്വികർ. ഇടവക പുരോഹിതന്റെ ആശയ ങ്ങൾ ശിരസാവഹിച്ചിരുന്നവർ. നമ്മുടെ കുടുംബങ്ങളെ താങ്ങിനിറുത്തുന്ന മൂ ന്നു പില്ലറുകളാണ് വിശുദ്ധ കുർബാനയും ജപമാലയും വചനവും. ആദ്യകാല ത്ത് എഴുത്തും വായനയും അറിയാതിരുന്ന വിശ്വാസികൾ എന്നും ജപമാല ചൊല്ലി യിരുന്നു. നിങ്ങൾക്കറിയാമോ ഒരു ജപമാല ചൊല്ലുമ്പോൾ എത്ര വചനം ഉരുവി ടുന്നു എന്ന്? സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥയിൽ 5 വചനങ്ങൾ ഉണ്ട് (മത്താ. 6:9 - 13) നന്മ നിറഞ്ഞ മറിയം എന്നതിൽ 2 വചനങ്ങൾ (ലൂക്ക. 1:28, 1:42). പരിശുദ്ധ മറിയമെ എന്നതിൽ 1 വചനം (ലൂക്ക 1:43).

ഒരു രഹസ്യം ചൊല്ലുമ്പോൾ (5+20+10) 35 തവണ വചനം ഉരുവിടുന്നു. അങ്ങിനെ 5 രഹസ്യം കാഴ്ചവെയ്ക്കുമ്പോൾ (5x35 = 175 +14) 189 തവ ണയും മുഴുവൻ കൊന്ത ചൊല്ലുമ്പോൾ (175 x 4+14) =714 തവണയും വച നം ആവർത്തിക്കുന്നു. നമുക്ക് ഏകാഗ്രതയോടെ പ്രാർത്ഥിക്കാം. എന്തെന്നാൽ അധരത്തിന്റെ സ്വരത്തേക്കാൾ ഹൃദയത്തിന്റെ സ്വരം ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു.



**തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിലെ ഏറ്റവും മികച്ച ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട, ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മയിലെ അംഗവും**

**55–ാം ഡിവിഷൻ കൗൺസിലറുമായ**

**ശ്രീമതി മേഫി ഡെൽസന്**

**അഭിനന്ദനങ്ങൾ**



# ഞങ്ങൾ വരവായി



| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം | മാമ്മോദീസ |
|---|---|---|
| * 20-2022<br>06-06-2022 | ആളൂക്കാരൻ എബൽ ആന്റോ & നവ്യമോൾ മകൾ ത്രേസ്യ (ഇസ മരിയ എബൽ) | 07-08-2022 |
| * 21-2022<br>28-12-2019 | ആനന്ദ് ആന്റോ ചീരോത & ജിൻസി മകൻ ആന്റണി (ഇവാൻ ആനന്ദ് ചീരോത) | 13-08-2022 |
| * 22-2022<br>09-09-2019 | അരുൺ ആന്റോ ചീരോ & ബിൻസി റപ്പായി മകൻ റാഫേൽ(ആൽഫ്രഡ് അരുൺ ചീരോത) | 13-08-2022 |
| * 2902020<br>05122019 | ആട്ടോക്കാരൻ ബിജു പോൾ & ജീൻസിമോൾ ജോ മകൾ (പേൾ ബിജു) | 31-10-2020 |
| * 11/2022<br>21-01-2022 | ഊക്കൻ അജേഷ് & വർഷ മകൾ (ആഗ്നസ് അജേഷ്) അന്ന | 24-04-2022 |
| * 39-2022<br>07-07-2022 | ചാലിശ്ശേരി അലക്സ് ആന്റണി & മേരി മകൾ (കൊളെറ്റ് നിക്കോൾ ലിസ് അലക്സ്) | 13-08-2022 |



# ഞങ്ങൾ ഒന്നായി



**വിവാഹതീയതി** **പേര്, വിലാസം**

* 29-05-2022 ആളൂർ ഈസ്റ്റ് ഇടവക അതിയുന്തൻ ഡേവിഡ് & അല്ലി മകൻ സോളമൻ

വേലൂർ ഫൊറോനപള്ളി ഇടവക ചാലയ്ക്കൽ റാഫി & ഡെൻസി മകൾ പിങ്കി

* 21-08-2022 അയ്യന്തോൾ ഇടവക അറങ്ങാശ്ശേരി ജോസ് & റോസിലി മകൻ റെജി

മരിയാപുരം ഇടവക അരിമ്പൂര് കൊടക്കാടൻ ഷാജു & ഷീബ മകൾ കൊച്ചുറാണി

# ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| * 06-07-2022 | ചിറമ്മൽ കൊച്ചപ്പൻ ഭാര്യ സിസിലി (81 വയസ്സ്) - മഡോണ യൂണിറ്റ് |
| * 03-08-2022 | ചാലിശ്ശേരി ജോർജ്ജ് ഭാര്യ റോസി (73 വയസ്സ്) സെന്റ് ജോൺസ് യൂണിറ്റ് |
| * 25-08-2022 | നായങ്കര ആന്റണി ഭാര്യ ഷൈനി (45 വയസ്സ്) - സെന്റ് മേരീസ് യൂണിറ്റ് |
| * 29-08-2022 | മുണ്ടോലിക്കടവിൽ മേലേത്തേതിൽ വർഗ്ഗീസ് മകൻ ജോർജ്ജ് (89 വയസ്സ്) സെന്റ് അൽഫോൻസ് യൂണിറ്റ് |
| * 31-08-2022 | കീരി ഔസേപ്പ് മകൻ കൊച്ചപ്പൻ (74 വയസ്സ്) - മഡോണ യൂണിറ്റ് |

# ഇടവകയിൽ നിന്നും മാറി പോയവർ

| | |
|---|---|
| 04-08-2022 | പാറേക്കാട് മാപ്രാണം വിൻസെന്റ് മകൻ മേജോ & കുടുംബം (സെന്റ് പീറ്റർ യൂണിറ്റ്) - അരിമ്പൂര് |
| 19-08-2022 | കുണ്ടുകുളം പാറയ്ക്ക ഡേവിസ് മകൻ ഡാറ്റ & കുടുംബം - തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ചർച്ച് |

# ഇടവകയിലേക്ക് വന്നവർ

| | |
|---|---|
| 28-06-2022 | തയ്യാലക്കൽ അന്തപ്പൻ ദേവസ്സി & കുടുംബം (സെ. സേവിയേഴ്സ് യൂണിറ്റ്) |
| 26-08-2022 | കണ്ണേങ്ങാത്ത് തോമസ് മകൻ ജിജോ & കുടുംബം (സെന്റ് ജോസഫ്സ് യൂണിറ്റ്) |

## പാവന സ്മരണയ്ക്ക്

# 40 –ാം ചരമവാർഷികം

## 05-09-2022



## വാളാക്കുളത്തിൽ ചാക്കോ മകൻ

# ചാക്കോ

ജനനം : 17 – 10 – 1921          മരണം : 05 – 09 – 1982

ഞാൻ നിങ്ങളിൽനിന്ന് അകന്ന് പോയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും

പ്രാർത്ഥനയോടെ, സന്തപ്തം കുടുംബാംഗങ്ങൾ
സ്നേഹനിലയം, ലിറ്റിൽ റോഡ്, അയ്യന്തോൾ, ഹോളി ട്രിനിറ്റി യൂണിറ്റ്

# Sangeerthanam Tower

## Events Hall





PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നി
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

Jorline Joshy
Proprietor

DRY CLEANING
AVAILABLE

fortune fashion

FOR MEN, WOMEN & KIDS

I. K. Arcade, Ayyanthole, Thrissur - 3
Ph: 9544962005, 9446464279




TT DEVASSY
JEWELLERS

FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers

# മാലാഖമാരോടൊത്ത്...

**വിനയ എസ്. ആളൂർ, സെന്റ് തോമാസ് യൂണിറ്റ്**

സെപ്തംബർ 29-ാം തീയതി മാലാഖമാരായ വി. മിഖായേൽ, വി.ഗബ്രിയേൽ, വി. റാഫേൽ എന്നിവരുടെ തിരുനാളായി സഭ ആചരിക്കുന്നു.

സ്വർഗ്ഗത്തിൽ ദൈവത്തിനെതിരായി മത്സരിച്ച ലൂസിഫറിനേയും കൂട്ടരേയും തോല്പിച്ച വി. മിഖായേൽ മാലാഖയെ ക്രൈസ്തവസഭയുടെ പൈശാചിക ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷകനായി കരുതിപ്പോരുന്നു. Mi-ke-El എന്ന ഹീബ്രുപദത്തിന്റെ അർത്ഥം "ദൈവത്തെപ്പോലെ ആരുണ്ട്? ഇതിൽ നിന്നാണ് മിഖായേൽ എന്ന നാമത്തിന്റെ ഉത്ഭവവും.

തപാൽ ഉദ്യോഗസ്ഥരുടെ മദ്ധ്യസ്ഥനായി അറിയപ്പെടുന്ന വി.ഗബ്രിയേൽ മാലാഖയെപ്പറ്റി വി. ഗ്രന്ഥത്തിൽ പലയിടത്തും പരാമർശിച്ചിട്ടുണ്ട്. സ്നാപകയോഹന്നാന്റെ ജനനത്തേക്കുറിച്ച് സക്കറിയായെയും, യേശുവിന്റെ ജനനത്തേക്കുറിച്ച് പരി. മറിയത്തേയും പ്രത്യക്ഷപ്പെട്ട് അറിയിക്കുന്ന രംഗങ്ങൾ നാം സുവിശേഷത്തിൽ വായിക്കുന്നു. വി. ഗ്രിഗറി മാർപാപ്പ വി. ഗബ്രിയേൽ മാലാഖയേപ്പറ്റി വിശേഷിപ്പിച്ച് രേഖപ്പടുത്തിയ വാക്കുകൾ ശ്രദ്ധിക്കൂ- "മറ്റെല്ലാ മാലാഖമാരേയും ഒഴിവാക്കി ഉന്നതനായ ഗബ്രിയേലിനെ തന്നെ മറിയത്തിന്റെ അടുക്കൽ ദൂതനായി അയച്ചു. എല്ലാ കാലത്തേയും ഉന്നതമായ അറിയിപ്പിന് ഏറ്റവും ഉന്നതനായ മാലാഖയെ തന്നെ അയക്കേണ്ടതുണ്ട്. രക്ഷകനെക്കുറിച്ചുള്ള പ്രവചനവും, അലക്സാണ്ടർ ചക്രവർത്തിയുടെ പതനം വെളിപ്പെടുത്തുന്ന ഭാഗങ്ങളിലും ഗബ്രിയേൽ മാലാഖയെക്കുറിച്ച് പരാമർശിക്കുന്നത് വി. ലിഖിതങ്ങളിൽ നമുക്കു വായിക്കാനാകും. കൂടാതെ ഗബ്രിയേൽ മാലാഖ തന്നെയാണല്ലോ വി. യൗസേപ്പിതാവിന്റെ സംശയനിവാരണസമയത്തും, ഗദ്സമനിൽ കർത്താവിനെ ആശ്വസിപ്പിക്കുന്ന സമയങ്ങളിലും പ്രത്യക്ഷനാകുന്നത്.

Rafa - El എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'ദൈവം സൗഖ്യ ദായകൻ" റാഫേൽ എന്ന നാമത്തിന്റെ ഉത്ഭവവും ഈ വാക്കിൽ നിന്നുതന്നെയാണ്. തോബിത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നതിപ്രകാരമാണ്. തോബിത്ത് തന്റെ മകൻ തോബിയാസിന് സഹയാത്രികനായി പണം തിരിച്ചു വാങ്ങാൻ അയയ്ക്കുന്നത് വി. റഫായേൽ മാലാഖയെയാണ്. അതും റഫായേൽ മാലാഖയാണെന്നവരറിയാതെ. പിന്നീടാണ് താനാരാണെന്ന് മാലാഖ വെളിപ്പെടുത്തിയത്. കർത്താവിന്റെ മുമ്പിൽ നിൽക്കുന്ന ഏഴ് മാലാഖമാരിൽ ഒരാളായ റഫായേൽ മാലാഖയാണ് താനെന്ന്. ബെദ്സൈയ്ദായിലെ രോഗശാന്തി കുളത്തിൽ വി. റഫായേൽ മാലാഖയേയാണ് രോഗശാന്തിക്കായി നിർദ്ദേശിക്കപ്പെട്ടവരിൽ ഒരാൾ.

അതെ, മാലാഖമാർ ഈ ലോകയാത്രയിലും, സ്വർഗ്ഗീയ യാത്രയിലും നമുക്ക് തുണയായിരിക്കട്ടെ.

# അദ്ധ്യാപകദിനം - സെപ്തംബർ 5

**ജോയ്സ് സാബുരാജ്, സെന്റ് പോൾസ് യൂണിറ്റ്**

കുട്ടികളെ സ്വപ്നം കാണാൻ പഠിപ്പിക്കുന്ന മനസ്സിൽ കാണുന്ന തേജസ്സുള്ള സ്വപ്ന ലക്ഷ്യങ്ങൾ നേടാൻ പ്രചോദിപ്പിക്കുന്ന, കൂടെ നടന്നു വളർത്തുന്ന, പുഞ്ചിരിച്ചു തിരുത്തുന്ന, തളർന്നുപോയാൽ താങ്ങാകുന്ന, സ്വന്തം കർമ്മ മേഖലയുടെ പുണ്യം ജോലി ഭാരത്തിന്റെയും ജീവിതബുദ്ധിമുട്ടുകളുടെയിടയിലും തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്ന അനേകം ശ്രേഷ്ഠരായ അദ്ധ്യാപകരുണ്ടിവിടെ. അവർക്കെന്റെ പ്രണാമം.

ശ്രേഷ്ഠനായ ഗുരുനാഥനാണ് ദ്രോണാചാര്യർ എങ്കിലും അസ്ത്രവിദ്യ പഠിക്കണമെന്ന അടങ്ങാത്ത മോഹവുമായി ദ്രോണാചാര്യരെ സമീപിച്ച കാനനവാസി ഏകലവ്യനെ ശിഷ്യനാക്കാതെ അപമാനിച്ചയച്ചു അദ്ദേഹം. ചങ്കു തകർന്നെങ്കിലും കണ്ണുനിറഞ്ഞെങ്കിലും ലക്ഷ്യം വിടാതെ, മനസ്സുതളരാതെ "ക്ഷത്രീയക്കുഞ്ഞുങ്ങളുടെ സെലിബ്രിറ്റി ഗുരു'വിന്റെ മൺപ്രതിമയുണ്ടാക്കി ഏകലവ്യൻ. താൻ ഗുരുവായി മനസ്സാവരിച്ചവൻ തന്നെ അപമാനിച്ചയച്ചെങ്കിലും തനിക്ക് ഗുരു എന്നും കൺകണ്ട ദൈവമാണ് എന്നു വിശ്വസിച്ച ഏകലവ്യൻ ഗുരുപ്രതിമക്കു മുമ്പിൽ ഭക്തിപൂർവ്വം പ്രാർത്ഥിച്ച് സ്വയം ആയുധപരിശീലനം ആരംഭിച്ചപ്പോൾ ഈശ്വരൻ അറിവായി, മികവായി, ഗുരുത്വമായി അവനിൽ നിറഞ്ഞു. അസ്ത്രവിദ്യയിൽ അവൻ അർജ്ജുനനേക്കാൾ കേമനായി. മിടുക്കു തിരിച്ചറിഞ്ഞ ദ്രോണാചാര്യർ തന്റെ പ്രിയ ശിഷ്യൻ അർജ്ജുനനേക്കാൾ ഇവൻ കേമനാകാതിരിക്കാൻ ഗുരുദക്ഷിണയായി തള്ളവിരൽ ചോദിച്ചെന്നും ഗുരുഭക്തനായ ഏകലവ്യൻ മടികൂടാതെ അത് കൊടുത്തുവെന്നും മഹാഭാരതം പറയുന്നു.

മഹാഗുരുവായ ദ്രോണാചാര്യർ തന്റെ വ്യക്തിപ്രഭാവമനുസരിച്ച് അത് ചോദിച്ചിട്ടുണ്ടാകാനിടയില്ല. ഇനി അഥവാ ചോദിച്ചിട്ടുണ്ടെങ്കിൽ തന്നെക്കാളും തന്റെ പ്രിയപ്പെട്ട ശിഷ്യനെക്കാളും മികവു പുലർത്തുന്ന മറ്റൊരു ശിഷ്യനോട് ഗുരുവിനു തോന്നുന്ന അസൂയക്കുശുമ്പിനും ദേഷ്യത്തിനും ദ്രോണാചാര്യർ കോംപ്ലക്സ് എന്ന് പേരിട്ട് നമുക്ക് വിളിക്കാം. സ്വന്തം സിലബസിൽ തനിയെ പണിപഠിച്ച ഏകലവ്യൻ തള്ളവിരൽ പോയാൽ വെറും പുല്ലാണ് എന്നത് മറ്റൊരു വസ്തുത. "അവൻ കാലുകൊണ്ടയയ്ക്കും അസ്ത്രങ്ങൾ വേണ്ടിവന്നാൽ.'

ഗുരു സ്നേഹം കാണിച്ചില്ലെങ്കിലും ഗുരു ഗുരു തന്നെയാണ്. ഗുരുവിനെ ആദ

രിക്കുക, ബഹുമാനിക്കുക എന്നത് ശിഷ്യരുടെ കടമയാണ്. ശിഷ്യർ എത്ര പ്രശസ്തരായാലും പ്രഗത്ഭരായാലും നമ്മുടെ അധ്യാപകരുടെ മഹത്വത്തിനുമുമ്പിൽ ഒന്നുമല്ല.

വിദ്യാർത്ഥികളുടെ നന്മമാത്രം ആഗ്രഹിച്ച്, അവരുടെ ഉയർച്ചയിൽ സന്തോഷിക്കുന്ന എല്ലാ അധ്യാപകർക്കും ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജീവിതത്തിന്റെ ഓരോ ഉയർച്ചകളിലും. തങ്ങളുടെ അധ്യാപകരെ സ്മരിച്ച് അവർക്ക് നന്ദി പറഞ്ഞ് തങ്ങളുടെ സന്തോഷത്തിൽ അവരെയും പങ്കുകാരാക്കാൻ എല്ലാ വിദ്യാർത്ഥികളും കടപ്പെട്ടിരിക്കുന്നു. എല്ലാ പ്രിയപ്പെട്ട അധ്യാപകർക്കും അധ്യാപകദിനത്തിന്റെ ആശംസകൾ നേരുന്നു.




## ഓർമ്മിക്കുക ആചരിക്കുക

| സെപ്റ്റംബർ | | |
|---|---|---|
| 03 | ശനി | വി. ഗ്രിഗറി |
| 05 | തിങ്കൾ | വി. മദർ തെരേസ |
| 08 | വ്യാഴം | കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 13 | ചൊവ്വ | വി. ജോൺ ക്രസോസ്റ്റം |
| 14 | ബുധൻ | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 15 | വ്യാഴം | വ്യാകുല മാതാവ് |
| 21 | ബുധൻ | വി. മത്തായിശ്ലീഹാ |
| 23 | വെള്ളി | വി. പാദ്രേപിയോ |
| 24 | ശനി | കാരുണ്യമാതാവ് |
| 27 | ചൊവ്വ | വി. വിൻസെന്റ് ഡി പോൾ |
| 29 | വ്യാഴം | മാലാഖമാരായ വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| 30 | വെള്ളി | വി. ജെറോം |



# ആധുനിക ലോകത്തിന് ഏറ്റവും ഉപയുക്തമായ പരി. ജനനിയുടെ ജപമാല സൂക്തങ്ങൾ

**ജോസഫീന ജോയ്**
സെന്റ് മേരീസ് യൂണിറ്റ്

ജപമാലയാണ് എനിക്കേറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥനകളിലൊന്ന്. ഒരു അത്ഭുത പ്രാർത്ഥനയാണത്. അതിന്റെ ലാളിത്യവും ആഴവും അത്ഭുതകരം. ഓരോ വിശ്വാസിയും ഇത് കൂടുതലായി മനസ്സിലാക്കേ താണ്. **(ജോൺ പോൾ രണ്ടാമൻ പാപ്പ).**

ദിനംപ്രതി ജപമാല ചൊല്ലുന്നവർ ഒരിക്കലും വഴിതെറ്റിപ്പോകുകയില്ല. ഈ പ്രസ്താവന എന്റെ രക്തം കൊണ്ട് തന്നെ എഴുതി ഒപ്പിടാൻ എനിക്ക് സന്തോഷമേയുള്ളു. **(വി. ലൂയി മോണ്ട് ഫോർട്ട്)**

കന്യകാ മാതാവിന് സമർപ്പിക്കാവുന്നതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ സ്നേഹോപഹാരമാണ് ജപമാല **(വി. ജോൺ വിയാനി)**

വിശ്വാസത്തോടെ ഒരിക്കൽക്കൂടി ജപമാല എടുക്കുക. തിരുവചനത്തിന്റെ വെളിച്ചത്തിലും ആരാധന ക്രമത്തോടു യോജിച്ചും അനുദിന ജീവിത പശ്ചാത്തലത്തിലും ജപമാല വീണ്ടും കണ്ടെത്തുക. **(ജോൺപോൾ രണ്ടാമൻ പാപ്പ).**

ഞാൻ എന്റെ പതിവുകൾ ഏതെല്ലാം ഉപേക്ഷിച്ചാലും ജപമാല ഉപേക്ഷിക്കയില്ല. കാരണം എന്റെ പ്രവർത്തനം അതിലാണ് അധിഷ്ഠിതമായിരിക്കുന്നത്. **(വി. ഡോൺ ബോസ്കോ).**

ഒരു പാപിയെ അഭിമുഖീകരിക്കുന്നതിന് മുൻപ് ജപമാല ചൊല്ലുവാൻ എനിക്ക് സമയം ലഭിക്കുകയാണെങ്കിൽ ആ പാപി മാനസാന്തരപ്പെടാതിരുന്ന

തായി ഞാൻ കണ്ടിട്ടില്ല. **(വി. ക്ലമന്റ് ഓഫ് ബോറവർ)**

ദൈവാനുഗ്രഹങ്ങൾ കുടുംബങ്ങൾക്ക് ലഭ്യമാകാൻ ജപമാല ഭക്തിയേക്കാൾ നല്ലത് മറ്റൊന്നില്ല. **(12 – ാം പിയൂസ് പാപ്പ)**

നിങ്ങളുടെ ആയുധം പരിശുദ്ധ കുർബാനയും ജപമാലയുമായിരിക്കട്ടെ. **(പ. അമ്മയുടെ ദർശനസന്ദേശം)**

നീ വിലപിക്കുന്ന തിന്മകൾക്കുള്ള പ്രതിവിധിയാണ് ജപമാല. അതിനാൽ നീ ഇത് പ്രചരിപ്പിക്കുക. **(പരി. കന്യക – വി. സൈമൺ സ്റ്റോക്കിനോട്)**

ജപമാല ചൊല്ലൂ പരിഹാരം ചെയ്യൂ. **(പരി. അമ്മയുടെ ദർശന സന്ദേശം)**

ജപമാലയെന്ന ലളിതമായ പ്രാർത്ഥന മനുഷ്യജീവിതത്തിന്റെ താളം പ്രകടമാക്കുന്നു. **(ജോൺ പോൾ II മാർപാപ്പ)**

അനുദിനം ജപമാല ചൊല്ലുന്നവർ പരി. അമ്മയുടെ ഉത്തമ സുഹൃത്തുക്കളാണ് (വി. ബേസിൽ) ജപമാല മണികളെല്ലാം കുരിശിൽ നിന്നും ആരംഭിച്ച് കുരിശിൽ തന്നെ അവസാനിക്കുന്നു. **(ജോൺ പോൾ II മാർപാപ്പ)**

പരി. അമ്മ നന്മ നിറഞ്ഞവളാണ്. ആ നന്മ അവൾക്ക് മാത്രമുള്ളതല്ല. അവളത് മനുഷ്യർക്കായി കൊടുക്കുന്നു. **(വി. തോമസ് അക്വീനാസ്)**

നന്മനിറഞ്ഞ മറിയം - ആവർത്തിക്കുന്നതിലൂടെ വിശ്വാസ രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനത്തിലേയ്ക്കാണ് നാം നയിക്കപ്പെടുന്നത്. **(ജോൺപോൾ രണ്ടാമൻ പാപ്പ)**

ജപമാലയിലേതു പോലെ യേശുവിന്റെ ജീവിതവും മറിയത്തിന്റെ ജീവിതവും അത്യഗാധമായി ബന്ധപ്പെട്ടിരിക്കുന്നത് മറ്റെങ്ങും കാണാനാവില്ല. **(ജോൺ പോൾ രണ്ടാമൻ പാപ്പ)**

ഓ പരിശുദ്ധ മറിയത്തിന്റെ ജപമാലയേ ഞങ്ങളെ ദൈവവുമായി ബന്ധിപ്പിക്കുന്ന മാധുര്യമേറുന്ന ശ്രേണി. ഞങ്ങൾ ഒരിക്കലും നിന്നെ കൈവിടുകയില്ല. ഞങ്ങളുടെ മരണസമയത്ത് നീ ആയിരിക്കും ഞങ്ങളുടെ സുരക്ഷ. ഓ പ്രിയപ്പെട്ട അമ്മേ. ഓ, പാപികളുടെ സങ്കേതമേ, ഓ പീഡിതരുടെ ഉത്കൃഷ്ടമായ ആശ്വാസമേ നീ എവിടെയും അനുഗ്രഹീതയാണ്. ഇന്നും എന്നും ഭൂമിയിലും സ്വർഗ്ഗത്തിലും. **(വാഴ്ത്തപ്പെട്ട ബർത്തോലോ ലോൺഗോയ)**

ക്വിസ് മാസ്റ്റർ : **സി. കാതറിൻ** CHF




## 2022 സെപ്റ്റംബർ മാസത്തെ ബൈബിൾ ക്വിസ്

പാഠ്യഭാഗങ്ങൾ: പ്രഭാഷകൻ 23 - 26, മർക്കോസ് 9 - 16, 1 കോറിന്തോസ് 9 - 16

**ഉത്തരങ്ങൾ - ജൂലൈ 20-ാം തിയ്യതിക്കുള്ളിൽ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.**

1. ആരുടെ ഭവനമാണ ശിക്ഷയിൽ നിന്ന് ഒരിക്കലും മുക്തമാവുകയില്ലാത്തത്?
2. രണ്ടുകൂട്ടർ പാപം വർദ്ധിപ്പിക്കുന്നു. മൂന്നാമതൊരുകൂട്ടർ എന്തു ചെയ്യുന്നു?
3. എൻഗേദിയിലെ എന്തുപോലെയാണ് ജ്ഞാനം വളർന്നത്?
4. പൂരിപ്പിക്കുക.

   വെറുക്കുന്നവന്റെ ...................നേക്കാൾ വലുതായി ഒന്നുമില്ല.
5. ആരെയാണ് വിവേകവതിയായി കാണുന്നത്?
6. നിന്റെ പാദം നിനക്ക് ദുഷ്പ്രേരണക്കുകാരണമാകുന്നെങ്കിൽ എന്തു ചെയ്യണം?
7. ഏശയ്യാ 13:10 ൽ കാണുന്ന ഭാഗം മർക്കോസിൽ എവിടെയാണ്? അധ്യായം വാക്യം എഴുതുക.
8. വിശ്വസിക്കുന്നവരോടുകൂടെ എത്ര അടയാളങ്ങൾ ഉ ായിരിക്കും.
9. മത്തായി 21/21 ൽ പറയുന്ന വചനത്തിന് സമാനമായ 1 കോറിന്തോസിലെ വചനമെഴുതുക; വാക്യവും.
10. വിശപ്പുള്ളവൻ വീട്ടിലിരുന്നു ഭക്ഷിച്ചുകൊള്ളട്ടെ. അല്ലെങ്കിൽ എന്തു ആകുമെന്നാണ് പൗലോശ്ലീഹാ പറയുന്നത്?

## 2022 ആഗസ്റ്റ് മാസത്തെ ബൈബിൾ ക്വിസ് ഉത്തരങ്ങൾ

1. പാരമ്പര്യങ്ങൾ ശേഖരിച്ച്
2. ജോഷ്വയും കാലെബും
3. മോശയെ
4. മോശയ്ക്ക്
5. ജോഷ്വയെ
6. ധീരതയിലൂടെ
7. കാനാൻദേശം കൈയ്യടക്കുക, അത് ഇസ്രായേൽ ഗോത്രങ്ങൾക്ക് ഭാഗിച്ചു കൊടുക്കുക.
8. കാനാൻദേശം കൈയ്യടക്കുക, അത് ഇസ്രായേൽ ഗോത്രങ്ങൾക്ക് ഭാഗിച്ചു കൊടുക്കുക - എന്നീ ദൗത്യനിർവ്വഹണത്തിന്റെ ചരിത്രം
9. ബി.സി. പതിമൂന്നാം നൂറ്റാ 1ന്റെ ര ാം പകുതിയിൽ
10. ആശയറ്റ ജനത്തിന് പ്രത്യാശ നൽകുകയും, ദൈവത്തിന്റെ വിശ്വസ്തത അവനു ബോധ്യപ്പെടുത്തുകയും ചെയ്യുക.

---

## 2022 ആഗസ്റ്റ് മാസത്തെ ശരിയുത്തരം അയച്ചവർ

| | | |
|---|---|---|
| 1. അപർണ ജോസ് | - | ലിറ്റിൽ ഫ്ളവർ യൂണിറ്റ് |
| 2. അഞ്ജു മരിയ സി. | - | സെന്റ് മേരീസ് യൂണിറ്റ് |
| 3. ഷേർളി ലോറൻസ് | - | സെന്റ് മേരീസ് യൂണിറ്റ് |
| 4. റോസി ജോസ് | - | സെന്റ് സേവ്യർ യൂണിറ്റ് |
| 5. ജിപ്സി റാഫി | - | സെന്റ് തോമാസ് |

നറുക്കെടുപ്പിലൂടെ വിജയിയായത്

**അഞ്ജു മരിയ**

**സെന്റ് മേരീസ് യൂണിറ്റ്**

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് സെപ്റ്റംബർ20-ാം തിയ്യതിക്കുമുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.

**ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. (പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)**



ആഗസ്റ്റ് മാസത്തെ
ചായകൂട്ട് മത്സര വിജയി

**മേഴ്സി ജെസീന്തോ**

**സെന്റ് തോമസ് യൂണിറ്റ്**






# JEWEL
## MAKE-UP STUDIO
## BEAUTY ACADEMY

(GOVERNMENT APPROVED)
RR TOWER
AYYANTHOLE GROUND,
THRISSUR
MOB. 9846524954, 9074719402





Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393